**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## നാല്പത്തിയൊന്നാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ എട്ടാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ നഗരങ്ങളിലെയും മുനിസിപ്പാലിറ്റി കളിലെയും മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## നാല്പത്തിയൊന്നാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ എട്ടാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ നഗരങ്ങളിലെയും മുനിസിപ്പാലിറ്റി കളിലെയും മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

324/2016.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ പ്രത്യേക ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |
| അദ്ധ്യായം III : | സമിതിയുടെ പൊതുശിപാർശകൾ, അവയിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 20 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി(2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ എട്ടാമത് റിപ്പോർട്ട് (സംസ്ഥാനത്തെ നഗരങ്ങളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളെ സംബന്ധിച്ച്) 1997 ഡിസംബർ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ നഗരങ്ങളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യനിർമ്മാർജ്ജന സംവിധാനത്തെക്കുറിച്ച് സമിതി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 13 പ്രത്യേക ശിപാർശകളും 19 പൊതുശിപാർശകളും ഉൾപ്പെടെ ആകെ 32 ശിപാർശകളാണ് ഉണ്ടായിരുന്നത്.

2. സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിലേക്കായി റിപ്പോർട്ടിന്റെ പ്രതി വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും അതിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് ലഭിച്ച മറുപടികളും സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ എട്ടാമത് റിപ്പോർട്ടിലെ പ്രത്യേക ശിപാർശകൾ, അവയിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു. റിപ്പോർട്ടിലെ പൊതുശിപാർശകളേയും അവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളേയും സംബന്ധിച്ച വിശദാംശം മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (1996-1998)-യുടെ എട്ടാമത് റിപ്പോർട്ടിലെ പ്രത്യേക ശിപാർശകൾ, അവയിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

തിരുവനന്തപുരം നഗരത്തിലെ സ്വീവേജ്, ശേഖരണ സംസ്കരണ, നിർമ്മാർജ്ജന സംവിധാനം 1945 കാലഘട്ടത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാണെന്ന് സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്കനുസൃതമായി, കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ലാത്ത സ്വീവേജ് സംവിധാനം തിരുവനന്തപുരം നഗരത്തിലെ ജനങ്ങളുടെ

ആരോഗ്യത്തിന് ഹാനികരമായ രീതിയിലുള്ള മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ ആധുനിക രീതിയിലുള്ള സ്വീവേജ് ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന സംവിധാനങ്ങൾ തിരുവനന്തപുരം നഗരത്തിൽ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 10546/സി1/2001/ജവിവ. തീയതി 13-11-2001)

തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും അതില്ലാത്ത സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി വിശദമായ പഠനം നടത്തി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതു നടപ്പാക്കുന്നതിന് പുതിയ എസ്റ്റിമേറ്റ് പ്രകാരം 225 കോടി രൂപയോളം വേണ്ടി വരും. എന്നാൽ ആവശ്യമായ ഫണ്ട് ഇതുവരെയും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. നഗരത്തിലെ പരിസ്ഥിതി ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ചില പ്രധാനപ്പെട്ട പണികൾ പൂർത്തിയാക്കാനായി വാട്ടർ അതോറിറ്റി സംസ്ഥാന പദ്ധതി വിഹിതത്തിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന കണ്ണേറ്റുമുക്ക്, കര്യാത്തി പാരലൽ മെയിൻ സീവർ സ്ഥാപിക്കുന്ന പണികൾ, പ്രധാന പമ്പിംഗ് സ്റ്റേഷനായ കര്യാത്തി നവീകരിച്ച് വിപുലപ്പെടുത്തുക, കര്യാത്തിയിൽ നിന്ന് മുട്ടത്തറ സ്വീവേജ് ഫാമിലേക്ക് വ്യാസം കൂടിയ പമ്പിംഗ് മെയിൻ ഇടുക എന്നീ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഇൻഡ്യാ ഗവൺമെന്റ് സ്ഥാപനമായ നാഷൽ പ്രോജക്ട് കൺസ്ട്രക്ഷൻ കമ്പനിയെ പണി ഏൽപ്പിച്ച് പൂർത്തിയാക്കി വരുന്നു. ഈ പണികൾ 2001 മാർച്ച് മാസത്തോടെ പൂർത്തിയാകുമ്പോൾ കൊച്ചാർ റോഡിൽ പ്രധാന സ്വീവർ ലൈനിൽ നിന്നും ഉള്ള കവിഞ്ഞൊഴുകലും തദ്വാര ഉള്ള കിള്ളിയാർ മലിനീകരണവും ഇല്ലാതാവും. കൂടാതെ കര്യാത്തിയിൽ എത്തുന്ന സ്വീവേജ് മുഴുവൻ മുട്ടത്തറയ്ക്ക് പമ്പ് ചെയ്യാൻ സാധിക്കുന്നതുമൂലം ഇപ്പോൾ കരിമഠം തെക്കേക്കര തോട്, റ്റി. എസ്. കനാൽ എന്നിവിടങ്ങളിലേക്കുള്ള കവിഞ്ഞൊഴുകൽ കുറയും. ഇതിനെല്ലാം ഉപരിയായി നിലവിലുള്ള കര്യാത്തി മുട്ടത്തറ പമ്പിംഗ് മെയിൻ ഇടയ്ക്കിടെ പൊട്ടുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നവും തീരുന്നതാണ്.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

സമിതിയുടെ ശിപാർശയിന്മേൽ, 2001 മാർച്ച് മാസത്തോടെ നിലവിലുള്ള പണികൾ പൂർത്തിയാക്കി ഡ്രെയിനേജ് പൈപ്പുകൾ കവിഞ്ഞൊഴുകുന്നതും പൊട്ടിയൊലിക്കുന്നതും മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന റിപ്പോർട്ടിന്മേലുള്ള ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിവരം.

## സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

## തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

തിരുവനന്തപുരം നഗരത്തിലെ നിലവിലെ 100 വാർഡുകളെ എ മുതൽ ആർ വരെയുള്ള അക്ഷരമാലക്രമത്തിൽ 18 ബ്ലോക്കുകളായി തിരിച്ചിട്ടുള്ളതും ഇതിൽ എ മുതൽ ഇ വരെയുള്ള 5 ബ്ലോക്കുകളിൽ ഉൾപ്പെടുന്ന പഴയ കോർപ്പറേഷനിൽ ഉൾപ്പെട്ട 45 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് സ്വീവറേജ് സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിന്റെ കീഴിൽ കര്യാത്തി, പാറ്റൂർ, കണ്ണമ്മൂല, ഈഞ്ചയ്ക്കൽ എന്നീ നാല് പ്രധാന പമ്പിംഗ് സ്റ്റേഷനുകളും, ഇവയിലേക്ക് പമ്പ് ചെയ്യുന്ന ആറ് ചെറിയ ലിഫ്റ്റിംഗ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നു. ഈ പമ്പിംഗ് സ്റ്റേഷനുകളിലേക്ക് ഏകദേശം 250 കിലോമീറ്റർ നീളത്തിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനിൽ നെറ്റ്‌വർക്ക് വഴി കളക്ട് ചെയ്യുന്ന ഏകദേശം 35 എം.എൽ.ഡി. (3.5 കോടി ലക്ഷം ലിറ്റർ) സ്വീവേജ്, മുട്ടത്തറയിൽ ആധുനികരീതിയിൽ നിർമ്മിച്ചിട്ടുള്ള 107 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ച് വിവിധഘട്ടങ്ങളിൽ ശുദ്ധീകരിച്ച് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള ഗുണനിലവാരത്തിൽ പാർവ്വതീ പുത്തനാറിലേക്ക് തുറന്നുവിടുന്നു.

ഇതുകൂടാതെ തിരുവനന്തപുരത്ത് നിലവിൽ കേരള വാട്ടർ അതോറിറ്റി തുടങ്ങി വച്ച് പൂർത്തീകരിക്കാതെ കിടന്ന സി-ബ്ലോക്കിലെ പമ്പ്ഹൗസും, ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഈഞ്ചക്കൽ പമ്പ്ഹൗസും പുനരുദ്ധാരണം ചെയ്ത് അതുമായി ബന്ധപ്പെട്ട മലിനജല വാഹകശൃംഖലയുടെ പുനരുദ്ധാരണം നടത്തി കമ്മീഷൻ ചെയ്യുന്നതിനായി 2014-ൽ 18 കോടി രൂപയുള്ള കരാർ നല്കി പണി പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ജെ.എൻ.എൻ.യു.ആർ.എമ്മിൽ ഉൾപ്പെടുത്തി അനുവദിച്ച സ്വീവറേജ് പദ്ധതിയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. നിലവിലെ നഗരപരിധിയായ 215 ചതുരശ്ര കിലോമീറ്ററിൽ ഏകദേശം 35% പ്രദേശത്തു മാത്രമാണ് ഇപ്പോൾ സ്വീവേജ് സംവിധാനം നിലവിലുള്ളത്. ഇത് മുഴുവൻ നഗരപരിധിയിലും ഏർപ്പെടുത്താൻ വേണ്ട നടപടികൾ നടന്നുവരുന്നു.

(പ്രസ്തുത മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ 2

തിരുവനന്തപുരം നഗരത്തിൽ ദിനംപ്രതി '40 ദശലക്ഷം ലിറ്റർ (4 കോടി ലിറ്റർ)' സ്വീവേജ് ഉണ്ടാകുന്നുണ്ട്. നിലവിലുള്ള സംവിധാനത്തിൽ ഈ സ്വീവേജ് കാര്യക്ഷമമായി സംസ്കരിക്കാൻ കഴിയുന്നില്ല. ആകയാൽ നഗരത്തിലെ മൊത്തം സ്വീവേജും ശുദ്ധീകരിച്ച് സംസ്കരിക്കുന്നതിന് വേണ്ടത്ര ശേഷിയുള്ള ആധുനിക രീതിയിലുള്ള ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## ജലവിഭവ (ജലവിതരണ-സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 10546/സി1/2001/ഇറി.വ. തീയതി 13-11-2001)

മുട്ടത്തറയിൽ ഒരു ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പരിസ്ഥിതിക്ക് അനുയോജ്യമായ ഒരു ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് രീതി പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കമ്പനി എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. പ്രസ്തുത സ്ഥാപനം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പഠനം നടത്തുകയും ഏറ്റവും അനുയോജ്യമായ സംസ്കരണ സംവിധാനം തെരഞ്ഞെടുക്കുകയുമുണ്ടായി. അടുത്ത മൂന്ന് കൊല്ലത്തിനകം ഇതിന്റെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതിക്ഷിക്കുന്നു. ശിപാർശ നമ്പർ 104 (1)-ന്റെയും 104 (2)-ന്റെയും നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് ശ്രമം നടത്തി വരുന്നു. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി സ്വീവറേജ് വർക്കുകൾക്കായി കൂടുതൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹഡ്കോ പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കാനുള്ള നീക്കങ്ങളും ആരംഭിച്ചിട്ടുണ്ട്. പഴയ ലൈനുകൾ മാറ്റി സ്ഥാപിക്കുക, കൂടുതൽ മാൻ ഹോളുകൾ പണിയുക, പമ്പ്ഹൗസുകളിൽ വേണ്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക എന്നീ അവശ്യം പണികൾക്കുവേണ്ടി 13.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി തയ്യാറാക്കി ഹഡ്കോ ഈ പദ്ധതിക്ക് വായ്പ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. വായ്പ ലഭിച്ചു കഴിഞ്ഞാൽ പദ്ധതി ഘട്ടംഘട്ടമായി ആരംഭിച്ച് ഒന്നര കൊല്ലത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 60 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. ഹഡ്കോ ചെയർമാനുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്കായി ഹഡ്കോ 47.7 കോടി രൂപ വായ്പ നൽകാമെന്ന് ധാരണയുണ്ടായിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കുവാൻ ആരംഭിച്ചു കഴിഞ്ഞു. ഹഡ്കോയുടെ വായ്പ ലഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ആരംഭിക്കുന്നതാണ്. ബ്ലോക്ക് 'ഡി' യിൽ ഇപ്പോൾ സംവിധാനം നിലവിലില്ലാത്ത ബാക്കി സ്ഥലങ്ങൾ ഉൾപ്പെടുത്തി വിവിധ പണികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. പണി പൂർത്തിയായി വരുന്നു. പ്ലാമൂട്, മുറിഞ്ഞപാലം പമ്പ് ഹൗസുകൾ പൂർത്തിയാക്കി വരുന്നു. ഒന്നര കൊല്ലത്തിനകം 'ഡി' ബ്ലോക്കിൽ കൂടുതൽ പ്രദേശത്ത് സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കും. നിലവിലുള്ള സ്വീവേജ് സംവിധാനം കുറെക്കൂടി നന്നായി മെയിന്റനൻസ് നടത്തുന്നതിന് കൂടുതൽ ആധുനിക ഉപകരണങ്ങൾ വാട്ടർ അതോറിറ്റി വാങ്ങിയിട്ടുണ്ട്. മെക്കാനിക്കൽ റോഡിംഗ് മെഷിനുകൾ,

ജെറ്റിംഗ് മെഷിനുകൾ തുടങ്ങിയ യന്ത്രങ്ങൾ ഉടനെതന്നെ ഉപയോഗത്തിൽ വരും. ഇതോടെ ഇടയ്ക്കിടെ ഉണ്ടാകുന്ന ലൈനിലെ ബ്ലോക്കുകൾ വേഗം മാറ്റാൻ സാധിക്കും.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഹഡ്കോയുടെ വായ്പ ലഭ്യമായോ എന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന പണികൾ പൂർത്തീകരിച്ചോ എന്നും ആധുനിക യന്ത്രങ്ങൾ വാങ്ങിയോ എന്നുമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതും ഇപ്പോഴത്തെ സ്ഥിതി സൂചിപ്പിക്കുന്നതുമായ ഒരു റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

തിരുവനന്തപുരം നഗരത്തിലെ നിലവിലെ 100 വാർഡുകളെ എ മുതൽ ആർ വരെയുള്ള അക്ഷരമാലക്രമത്തിൽ 18 ബ്ലോക്കുകളായി തിരിച്ചിട്ടുള്ളതും ഇതിൽ എ മുതൽ ഇ വരെയുള്ള 5 ബ്ലോക്കുകളിൽ ഉൾപ്പെടുന്ന പഴയ കോർപ്പറേഷനിൽ ഉൾപ്പെട്ട 45 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് സ്വീവേജ് സംവിധാനം നിലവിലുണ്ട്. ഈ സംവിധാനത്തിന്റെകീഴിൽ കര്യാത്തി, പാറ്റൂർ, കണ്ണമ്മൂല, ഈഞ്ചയ്ക്കൽ എന്നീ നാല് പ്രധാന പമ്പിംഗ് സ്റ്റേഷനുകളും, ഇവയിലേക്ക് പമ്പ് ചെയ്യുന്ന 6 ചെറിയ ലിഫ്റ്റിംഗ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നു. ഈ പമ്പിംഗ് സ്റ്റേഷനുകളിലേക്ക് ഏകദേശം 250 കിലോമീറ്റർ നീളത്തിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനിൽ നെറ്റ്‌വർക്ക് വഴി കളക്ട് ചെയ്യുന്ന ഏകദേശം 35 എം.എൽ.ഡി. (3.5 കോടി ലക്ഷം ലിറ്റർ) സ്വീവേജ്, മുട്ടത്തറയിൽ ആധുനികരീതിയിൽ നിർമ്മിച്ചിട്ടുള്ള 107 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ച് വിവിധഘട്ടങ്ങളിൽ ശുദ്ധീകരിച്ച് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള ഗുണനിലവാരത്തിൽ പാർവ്വതീ പുത്തനാറിലേക്ക് തുറന്നുവിടുന്നു.

ഇതുകൂടാതെ തിരുവനന്തപുരത്ത് നിലവിൽ കേരള വാട്ടർ അതോറിറ്റി തുടങ്ങി വച്ച് പൂർത്തീകരിക്കാതെ കിടന്ന സി-ബ്ലോക്കിലെ പമ്പ്ഹൗസും, ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഈഞ്ചക്കൽ പമ്പ്ഹൗസും പുനരുദ്ധാരണം ചെയ്ത് അതുമായി ബന്ധപ്പെട്ട മലിനജല വാഹകശൃംഖലയുടെ പുനരുദ്ധാരണം നടത്തി കമ്മീഷൻ ചെയ്യുന്നതിനായി 2014-ൽ 18 കോടി രൂപയുള്ള കരാർ നല്കി പണി പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ജെ.എൻ.എൻ.യു.ആർ.എമ്മിൽ ഉൾപ്പെടുത്തി അനുവദിച്ച സ്വീവറേജ് പദ്ധതിയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. നിലവിലെ നഗരപരിധിയായ 215 ചതുരശ്ര കിലോമീറ്ററിൽ ഏകദേശം 35% പ്രദേശത്തുമാത്രമാണ് ഇപ്പോൾ സ്വീവേജ് സംവിധാനം നിലവിലുള്ളത്. ഇത് മുഴുവൻ നഗരപരിധിയിലും ഏർപ്പെടുത്താൻ വേണ്ട നടപടികൾ നടന്നുവരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 3

ആധുനിക രീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ കാലതാമസമുണ്ടാകുന്നപക്ഷം, താഴെപ്പറയുന്ന കാര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു:

(എ) തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നും രാവിലേയും വൈകുന്നേരവുമുള്ള കവിഞ്ഞൊഴുകൽ തടയുന്നതിനായി പ്രധാനപ്പെട്ട പമ്പിംഗ് സ്റ്റേഷനുകളിലെല്ലാം തന്നെ വേണ്ടത്ര ശേഷിയുള്ള സംഭരണ ടാങ്കുകൾ അടിയന്തരമായി സ്ഥാപിക്കണം.

(ബി) പമ്പിംഗ് തുടർച്ചയായി നടത്തുന്നതിന് സ്റ്റാന്റ് ബൈ പമ്പുകൾ സ്ഥാപിക്കണം.

(സി) വൈദ്യുതി വിതരണം, തകരാറിലാകുമ്പോൾ പമ്പിംഗ് നടത്തുന്നതിലേക്ക് പ്രധാനപ്പെട്ട എല്ലാ പമ്പിംഗ് സ്റ്റേഷനുകളിലും ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(ഡി) പാർവ്വതി പുത്തനാറിന്റെ സംരക്ഷണത്തിനായി തിരുവനന്തപുരം നഗരസഭ തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിന് അനുമതി നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### ജലവിഭവ (ജലവിതരണ-സി) വകുപ്പ്

(സർക്കാർ കത്ത് 10546/സി1/2001/ജ.വി.വ. തീയതി 13-11-2001)

പ്രധാനപ്പെട്ട പമ്പിംഗ് സ്റ്റേഷനായ കര്യാത്തിയിൽ പുതിയ സംഭരണ ടാങ്കിന്റെ പണികൾ നടന്നു വരുന്നു. ബ്ലോക്ക് 'സി' യിൽ ഒരു പുതിയ സ്വീവേജ് സംഭരണ ടാങ്കിന്റെ പണികൾ പുരോഗമിച്ചു വരുന്നു. ഈ രണ്ട് സംഭരണികളുടെ പണിയും ഒരു കൊല്ലത്തിനകം പൂർത്തിയാകും. പാറ്റൂർ, മെഡിക്കൽ കോളേജ് എന്നീ പമ്പിംഗ് സ്റ്റേഷനുകളിൽ പുതിയ സംഭരണികൾ ഹഡ്കോ ലോൺ ഉപയോഗിച്ച് പണിയാൻ നടപടികൾ എടുത്തുവരുന്നു.

പമ്പിംഗ് സ്റ്റേഷനുകളിൽ സ്റ്റാന്റ് ബൈ പമ്പു സെറ്റുകൾ വാങ്ങാൻ നടപടികൾ എടുത്തിട്ടുണ്ട്. ഈഞ്ചക്കൽ പമ്പിംഗ് സ്റ്റേഷനിൽ ജനറേറ്റർ സ്ഥാപിച്ചു കഴിഞ്ഞു. മറ്റ് പ്രധാനപ്പെട്ട സ്വീവേജ് പമ്പിംഗ് സ്റ്റേഷനുകളിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പണികൾ ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് വൈദ്യുതി വിതരണം തടസ്സപ്പെടാതിരിക്കാൻ പ്രായോഗികമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതാണ്. കര്യാത്തിയിലെ പ്രധാന പമ്പിംഗ് സ്റ്റേഷനുകളിലേക്ക് തിരുമല സബ്സ്റ്റേഷനിൽ നിന്നും പ്രത്യേകമായി ഒരു ഫീഡർ ലൈൻ വലിക്കുന്നതിന് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ട തുക മാർച്ച് 31-ാം തീയതി

ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. ഫീഡർ ലൈൻ എത്രയും വേഗം സ്ഥാപിക്കുവാൻ വൈദ്യുതി ബോർഡ് അധികൃതരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു.

(മറുപടി 8-1-2013-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെ പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് പമ്പിംഗ് സ്റ്റേഷനുകളിലെ കവിഞ്ഞൊഴുകൽ ഇല്ലാതാക്കാൻ വേണ്ടി സംഭരണ ടാങ്കിന്റെ ശേഷി വർദ്ധിപ്പിക്കണമെന്നും, സ്റ്റാന്റ് ബൈ പമ്പുകൾ സ്ഥാപിക്കണമെന്നും, എല്ലാ പമ്പിംഗ് സ്റ്റേഷനുകളിലും ജനറേറ്ററുകൾ സ്ഥാപിക്കണമെന്നും, പാർവ്വതീ പുത്തനാറിന്റെ സംരക്ഷണത്തിനായി നഗരസഭ തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിന് അനുമതി നൽകണമെന്നുമുള്ള സമിതിയുടെ ശിപാർശയിന്മേലുള്ള നടപടികളൊന്നും പൂർത്തീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത പണികൾ പൂർത്തീകരിച്ചോ എന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്നുമുള്ള വിശദമായ റിപ്പോർട്ടും സമിതി ആവശ്യപ്പെട്ടു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

(എ) നഗരത്തിൽ പമ്പ്ഹൗസുകൾ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തുക പ്രയാസമാണ്. അതിൽ വേണ്ടത്ര സംഭരണ ടാങ്കുകൾ കൂടി ഉൾപ്പെടുത്തുക എന്നതും സ്ഥലപരിമിതി കാരണം പ്രയാസമാണ്. നിലവിൽ സൗകര്യമുള്ള പമ്പ്ഹൗസുകളിൽ ടാങ്ക് നിർമ്മിക്കാവുന്നതാണ്. സ്വീവേജ് നെറ്റ് വർക്കും പമ്പ്ഹൗസും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിലാണ്.

(ബി) നിലവിലെ പമ്പിംഗ് സ്റ്റേഷനുകളിൽ തുടർച്ചയായി പമ്പിംഗ് നടത്തുന്നതിന് ആവശ്യമായ സ്റ്റാന്റ് ബൈ പമ്പുകൾ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി 2.21 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(സി) നിലവിലെ പ്രധാന പമ്പ്ഹൗസുകളിൽ ഈഞ്ചക്കൽ പമ്പ്ഹൗസിൽ ജനറേറ്റർ സ്ഥാപിക്കാനുള്ള നടപടി നടന്നുവരുന്നു. മറ്റ് പമ്പ്ഹൗസുകളിൽ ജനറേറ്റർ സംവിധാനം നിലവിലില്ല.

(ഡി) പാർവ്വതീ പുത്തനാറിന്റെ സംരക്ഷണത്തിനായി തിരുവനന്തപുരം നഗരസഭ കിറ്റ്കോ എന്ന കൺസൾട്ടൻസി വഴി ഒരു പ്രോജക്ട് റിപ്പോർട്ട് 9334.81 ലക്ഷം രൂപയ്ക്ക് തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിന് അംഗീകാരം ലഭ്യമായിട്ടില്ല.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 4

വീടുകൾ, ഫ്ലാറ്റുകൾ, ആശുപത്രികൾ, ഹോട്ടലുകൾ, അറവുശാലകൾ, വാണിജ്യ വ്യാപാരസ്ഥാപനങ്ങൾ എന്നിവകളിൽ നിന്നുള്ള മലിനജലവും മറ്റ് അവശിഷ്ടങ്ങളും ഓടകളിൽ നിക്ഷേപിക്കാതെ ആധുനികമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

ഫ്ലാറ്റുകൾ, ആശുപത്രികൾ, വ്യാപാര സമുച്ചയങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്, കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകുന്ന അവസരത്തിൽതന്നെ ഉറപ്പുവരുത്തുന്നുണ്ട്. കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് ടി സ്ഥാപനങ്ങളും അതിനോടനുബന്ധിച്ചുള്ള മാലിന്യസംസ്കരണ പ്ലാന്റുകളും പ്രവർത്തിച്ചുവരുന്നത്. നിർദ്ദേശങ്ങൾ പാലിക്കാത്ത വർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 5

തിരുവനന്തപുരം നഗരസഭ ശേഖരിക്കുന്ന ടൺ കണക്കിനുള്ള ഖരമാലിന്യങ്ങൾ ആധുനികരീതിയിൽ സംസ്കരിക്കുന്നതിന് നഗരസഭയ്ക്ക് കഴിയുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ദിനംപ്രതി അടിഞ്ഞുകൂടുന്ന ചപ്പുചവറുകളും മറ്റ് ഖരമാലിന്യങ്ങളും യഥാസമയം നീക്കം ചെയ്ത് സംസ്കരിക്കപ്പെടാതെ തുറസ്സായ സ്ഥലങ്ങളിൽ കൂട്ടിയിടുകയും നേരിട്ട് ഓടകളിലേക്കും മറ്റും നിക്ഷേപിക്കുകയും ചെയ്യുന്നത്, ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉളവാക്കുന്നു. ഖരമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കുന്ന ഒരു പദ്ധതിക്ക് തിരുവനന്തപുരം കോർപ്പറേഷൻ രൂപം നൽകിയതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിനായി തിരുവനന്തപുരം നഗരത്തിന്റെ 20 കിലോമീറ്റർ ദൂരത്തിനുള്ളിൽ എവിടെയെങ്കിലും 5 ഏക്കർ സ്ഥലം തിരുവനന്തപുരം നഗരസഭയുടെ ആധുനികരീതിയിലുള്ള ഖരമാലിന്യസംസ്കരണ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി ഏറ്റെടുത്ത് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

തിരുവനന്തപുരം നഗരസഭാ അതിർത്തിയിലെ ചപ്പുചവറുകൾ കഴിഞ്ഞ 10 വർഷമായി വിളപ്പിൽശാല മാലിന്യസംസ്കരണ പ്ലാന്റ് വിന്റോ കമ്പോസ്റ്റ് ആക്കിമാറ്റുന്ന രീതിയിൽ സംസ്കരിച്ചുവന്നിരുന്നു. തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് 2011 ഡിസംബറിൽ പ്ലാന്റ് അടച്ചുപൂട്ടേണ്ടി വന്നു. നഗരസഭയുടെ 100 വാർഡുകളിലായി ഉദ്ദേശം 300 ടണ്ണോളം മാലിന്യം പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്നു. വിളപ്പിൽശാല മാലിന്യസംസ്കരണ പ്ലാന്റ് പൂട്ടിയതിനുശേഷം വികേന്ദ്രീകൃതരീതിയിലുള്ള മാലിന്യസംസ്കരണ പദ്ധതികളാണ് തിരുവനന്തപുരം നഗരസഭയിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ക്ലീൻ കേരളാമിഷന്റെ സഹായത്തോടെ 66000 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും 600 ബയോഗ്യാസ് പ്ലാന്റുകളും നഗരസഭയുടെ 100 വാർഡുകളിലായി ഗാർഹികാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, കഴക്കൂട്ടം, ശ്രീകാര്യം, ശ്രീകണ്ഠേശ്വരം, പാളയം, പേരൂർക്കട, മണക്കാട്, കളിപ്പാൻകുളം, നഗരസഭാ ഓഫീസ് കോമ്പൗണ്ട് എന്നീ സ്ഥലങ്ങളിൽ രണ്ട് ടൺ വീതം കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ കൂടാതെ 160-ഓളം ബയോബിന്നുകളും വിവിധ സ്ഥലങ്ങളിൽ വച്ചിട്ടുണ്ട്. കൂടാതെ നഗരസഭയുടെ വിവിധ വാർഡുകളിൽ മാലിന്യസംസ്കരണത്തിനായി 18 സ്ഥലങ്ങൾ കണ്ടെത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 6</u>

ഖരമാലിന്യങ്ങൾ വളമാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കിയാൽ അത് സംസ്ഥാനത്തെ കാർഷികമേഖലയ്ക്ക് വളരെ പ്രയോജനമുണ്ടാകും. എന്നാൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്ഥലദൗർലഭ്യം പ്രശ്നമായി തീരുന്നതായും സമിതി മനസ്സിലാക്കുന്നു. കൃഷി വകുപ്പിനും മൃഗസംരക്ഷണ വകുപ്പിനും സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഫാമുകൾ ഉണ്ട്. സർക്കാർവക ഈ ഫാമുകളിൽ അതത് നഗരസഭകളുടെ ആഭിമുഖ്യത്തിൽ, ആധുനികരീതിയിലുള്ള ചവർ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അതുവഴി നിർമ്മിക്കുന്ന വളം പ്രസ്തുത കൃഷി ഫാമുകളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

ഖരമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമാക്കുന്ന വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ്, വെർമി കമ്പോസ്റ്റ് പ്ലാന്റ് തുടങ്ങിയവ കുറ്റമറ്റതാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിൽ അവ കുറ്റമറ്റതാക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്ത് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള സഹായം ലഭ്യമാക്കി വരുന്നു. 2011-12, 2012-13 സാമ്പത്തികവർഷങ്ങളിലായി 27 നഗരസഭകൾക്ക് നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനും അവ കുറ്റമറ്റതാക്കുന്നതിനും പുതിയ പ്ലാന്റുകളുടെ നിർമ്മാണത്തിനും 100% സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്തുനിന്നും ശുചിത്വ മിഷൻ വഴി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലാന്റുകൾ നിലവിലുള്ള സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കാനും പ്രോത്സാഹനം നൽകി വരുന്നു. അതിനോടൊപ്പം തന്നെ ഉറവിടമാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകി വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ ജൈവവളവും ബയോഗ്യാസും ആക്കി മാറ്റാനുള്ള പ്രവർത്തനവും നടത്തിവരുന്നു. ഇതിൽ നിന്നും പൊതുസംവിധാനത്തിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം മാലിന്യത്തിന്റെ അളവ് കുറയുമ്പോൾ നിലവിലുള്ള പൊതുസംസ്കരണ പ്ലാന്റ് കുറ്റമറ്റതും പരിസ്ഥിതി സൗഹൃദവുമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലാണ് ഇത്തരത്തിൽ പ്രവർത്തനം നടത്തുന്നത്.

(മറുപടി സമിതിയുടെ 5-8-2015-ലെ സമിതി യോഗംഅംഗീകരിച്ചു.)

## ശിപാർശ 7

ആധുനികരീതിയിലുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതികളുടെ അപര്യാപ്തതമൂലം ദിനംപ്രതി അടിഞ്ഞുകൂടുന്ന ചപ്പുചവറുകളും മറ്റ് മാലിന്യങ്ങളും യഥാവിധി സംസ്കരിക്കാൻ കഴിയാത്തതിനാൽ കൊച്ചി നഗരസഭയിൽ വളരെയധികം പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അഭൂതപൂർവ്വമായ കൊതുകുശല്യവും മറ്റൊന്ന് കനാലുകളിലെ ഒഴുക്കില്ലായ്മയുമാണ്. ഈ ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി കൊച്ചി നഗരത്തിലെ കനാലുകളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ ആധുനികമാർഗ്ഗങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്ത് കനാലുകളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതോടൊപ്പം തന്നെ കൊച്ചി കോർപ്പറേഷനിലെ സ്വീവേജ് ശേഖരണ സംസ്കരണ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനികരീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജല.വി.വ. തീയതി 6-5-2003)

ആധുനികരീതിയിലുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് പണിയുന്നതിനായി സ്ഥലമെടുപ്പിന്റെ ജോലികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കനാലിന്റെ മാലിന്യനിർമ്മാർജ്ജനം കോർപ്പറേഷന്റെ പരിധിയിൽ വരുന്നതാണ്.

(മറുപടി 16-12-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെ പറയുംപ്രകാരം സമിതി അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ആധുനികരീതിയിലുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിൽ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് പണിയുന്നതിനായുള്ള സ്ഥലമെടുപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 78144/ആർ.സി1/09/തസ്വഭവ. തീയതി 16-7-2014)

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ കേരള സുസ്ഥിര നഗരവികസന പദ്ധതിയിലുൾപ്പെടുത്തി കൊച്ചി നഗരസഭയിൽ ഒരു സ്വീവേജ് സംസ്കരണശാലയും സ്വീവേജ് വാഹക ശൃംഖലയും, ലിഫ്റ്റിംഗ് സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ KCH-SS-02, KCH-SS-02 A, KCH-SS-03, KCH-SS-03 A, KCH-SS-04 A, KCH-SS-04 B എന്നീ പാക്കേജുകളിലായി 13 MLD ശേഷിയുള്ള ഒരു സംസ്കരണശാലയും 6 മേഖലകളിലായി 55.588 കിലോമീറ്റർ നീളത്തിൽ പൈപ്പ് ശൃംഖലകളും 5 പമ്പിംഗ് സ്റ്റേഷനുകളുമാണ് സ്ഥാപിക്കുന്നത്. ഇതിന്റെ പണികൾ കരാർ നൽകി പണി പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ 96 കോടി രൂപയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്. സംസ്കരണശാല പണിയുന്നതിന് മുണ്ടൻവേലിയിൽ കൊച്ചി വികസന അതോറിറ്റിയുടെ കൈവശമുണ്ടായിരുന്ന 2.02.07 ഹെക്ടർ സ്ഥലം 18-3-2010-ലെ G.O.(Ms.) No.53/2010/LSGD എന്ന സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. സ്ഥലത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു:

| സർവ്വേ നമ്പർ | വിസ്തൃതി (Htre.Ar.sq.mtr.) |
|---|---|
| 132/2 | 00.26.65 |
| 132/5 | 00.06.88 |

| | |
|---|---|
| 132/7 | 00.33.42 |
| 144/3 എ 2 | 00.27.00 |
| 134/3 ബി2 | 00.31.57 |
| 144/4 | 00.13.76 |
| 144/10 | 00.14.08 |
| 144/1 | 00.18.19 |
| 144/4 | 00.15.32 |
| 132/8 | 00.09.19 |
| 142/3 | 00.06.01 |
| ആകെ | 2.02.07 |

ഈ പദ്ധതി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിയമപ്രകാരമുള്ള അനുമതികൾ ലഭിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 1 | CRZ നോട്ടിഫിക്കേഷൻ 2011 | KCZMA-യിൽ നിന്നും 13-12-2012-ൽ അനുമതി ലഭിച്ചു. |
| 2 | ജലമലിനീകരണ നിയന്ത്രണ നിയമം 1974, വായു മലിനീകരണ നിയമം 1981, പരിസ്ഥിതി സംരക്ഷണ നിയമം 1986 | KSPCB-യിൽ നിന്നും PCB/EKM/DO2/IC-67/2011 പ്രകാരം അനുമതി ലഭിച്ചു. |
| 3 | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം-2008 | 18-6-2012-ലെ G.O.(Ms.) No.151 പ്രകാരം കൃഷി വകുപ്പിൽ നിന്നും അനുമതി ലഭിച്ചു. |
| 4 | തണ്ണീർത്തട സംരക്ഷണ നിയമം 2010 | 18-7-2013-ലെ G.O.(Ms.) 3/13/പരിസ്ഥിതി പ്രകാരം പരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി ലഭിച്ചു. |

ശ്രീ. വി. ഡി. മജീന്ദ്രൻ എന്ന കക്ഷി ഈ പദ്ധതിക്കെതിരെ 2011-ൽ ഒരു കേസ് [WP(C)No. 14262 of 2011] ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തു. ജൂലൈ 8, 2013-ൽ കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർ ഒരു എതിർ സത്യവാങ്മൂലം സമർപ്പിച്ചു. ബഹു. ഹൈക്കോടതി ഈ കേസ് ചെന്നൈയിലുള്ള നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് കൈമാറിയിട്ടുണ്ട്. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് മുമ്പാകെ ഈ കേസ് നടത്തുന്നതിനുവേണ്ട നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(അധികവിവരത്തിനുള്ള മറുപടി 7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 8

ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത തൃപ്തികരമായ ഒരു സ്വീവേജ് നിർമ്മാർജ്ജന സംവിധാനം നിലവിലില്ലാത്തതിനാൽ ദ്രുതഗതിയിൽ വികസിച്ചുവരുന്ന കോഴിക്കോട് കോർപ്പറേഷനിലും അതിരൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ മറ്റുള്ള നഗരങ്ങളിൽ എന്നതുപോലെ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ കേരള വാട്ടർ അതോറിറ്റി കോഴിക്കോട് നഗരത്തിൽ 1986-ൽ നിറുത്തിവച്ച സ്വീവേജ് ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പദ്ധതി പുനരാവിഷ്കരിച്ച്, നവീനമായ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് കോഴിക്കോട് നഗരത്തിൽ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജലവിവ. തീയതി 6-5-2003)

നവീനമായ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് കോഴിക്കോട് നഗരത്തിൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി അതിന്റെ പ്രാരംഭനടപടികൾ 1980-ൽ ആരംഭിക്കുകയും 90 ഏക്കർ സ്ഥലം കരിമ്പന പാലത്ത് അക്വയർ ചെയ്യുകയും ചെയ്തു. കൂടാതെ അതിലേക്കുള്ള റോഡ് നിർമ്മിക്കുകയും 17 കി.മീ. നീളത്തിൽ വിവിധ റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റിന് അക്വയർ ചെയ്ത സ്ഥലം കോഴിക്കോട് ഡ്രീം സിറ്റി പ്രോജക്ട് നടപ്പിലാക്കാൻവേണ്ടി വിട്ടുകൊടുക്കുന്നതിനുള്ള ആവശ്യം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗ്രേറ്റർ കാലിക്കട്ട് വാട്ടർ സപ്ലൈ സ്കീം നടപ്പിലായിക്കഴിഞ്ഞാൽ ദിനംപ്രതി 120 ദശലക്ഷത്തോളം ഉപയോഗം കഴിഞ്ഞ ജലം നഗരത്തിൽ അടിഞ്ഞുകൂടുന്നതാണ്.

മാത്രവുമല്ല, വർദ്ധിച്ചുവരുന്ന ജനസംഖ്യയെക്കൂടി കണക്കിലെടുത്ത് പുതിയ ശുദ്ധീകരണശാല പണിയേണ്ട ആവശ്യം അത്യന്താപേക്ഷിതമായതിനാൽ ടി സ്ഥലം ഡ്രീം സിറ്റി പ്രോജക്ട് നടപ്പിലാക്കാനായി വിട്ടുകൊടുക്കുന്നത് കോഴിക്കോട് നഗരത്തെ സാരമായി ബാധിക്കും.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 9</u>

കൊല്ലം പട്ടണത്തിലെ സ്വീവേജ് സംസ്കരണ പദ്ധതിക്ക് 1975-ൽ അനുമതി നൽകിയത് നാളിതുവരെയും പ്രവർത്തനക്ഷമമായിട്ടില്ലെന്ന് സമിതിക്ക് കണ്ടെത്താൻ കഴിഞ്ഞു. പ്രസ്തുത പദ്ധതി നിലവിലുള്ള ജനസംഖ്യാടിസ്ഥാനത്തിൽ രൂപകൽപ്പന ചെയ്ത് 'കരീപ്പുഴ' എന്ന സ്ഥലത്ത് ആധുനികരീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് കൊല്ലം പട്ടണത്തിലെ സ്വീവേജ് സിസ്റ്റത്തിലെ അപാകതകൾ പരിഹരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 10546/സി1/01/ജ.വി.വ. തീയതി 13-11-2001)

കൊല്ലം നഗര സ്വീവേജ് പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മൂന്ന് പമ്പിംഗ് സ്റ്റേഷനുകളുടെയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും സ്ഥലം ഇതുവരെയും എടുക്കാൻ സാധിച്ചിട്ടില്ല. കരീപ്പുഴയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനാവശ്യമുള്ള 22.5 ലിറ്റർ മലിനജലം പ്രതിദിനം ശുദ്ധീകരിക്കുന്നതിനുള്ള ശേഷി 10 ഏക്കറോളം സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി നഗരസഭാധികൃതരുമായി 1999 നവംബർ മാസത്തിൽ ചർച്ച നടത്തി തീരുമാനങ്ങൾ എടുക്കുകയുണ്ടായി. കരീപ്പുഴയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ച സ്ഥലത്ത് പിൽക്കാലത്ത് വീടുവച്ച് താമസമാക്കിയവരെ അതിനുചുറ്റുമുള്ള ഭാഗത്ത് മാറ്റി പാർപ്പിക്കാൻ കുറച്ചുസ്ഥലം മാറ്റി വച്ചതിനുശേഷം മിച്ചമുള്ള സ്ഥലത്ത് വാട്ടർ അതോറിറ്റിക്ക് ആവശ്യമുള്ള സ്ഥലം എടുക്കാമെന്ന് ഒരു നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. ഇതിനുള്ള സർവ്വേ നടന്നുവരുന്നു. ഇതിനുപുറമേ മൂന്ന് പമ്പിംഗ് സ്റ്റേഷനുകൾക്കുവേണ്ടി പദ്ധതികൾ ഉദ്ദേശിച്ച് സ്ഥലങ്ങൾ വീണ്ടും സർവ്വേ ചെയ്ത് ഇന്നത്തെ സാഹചര്യത്തിൽ സ്ഥല ലഭ്യത ഉറപ്പുവരുത്തണം. പമ്പിംഗ് സ്റ്റേഷനുള്ള ഒരു സ്ഥലം റവന്യൂ പുറമ്പോക്കും മറ്റൊരു സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ടിമ്പർ ഡിപ്പോയുമായി പ്രവർത്തിച്ചുവരുന്ന സ്ഥലവുമാണ്. ഇക്കാര്യങ്ങളിൽ ഒരു അന്തിമ തീരുമാനം ഏറ്റവും പെട്ടെന്ന് എടുക്കാനായി ബന്ധപ്പെട്ട മന്ത്രിമാരുടെ ഒരു ഉന്നതതലയോഗം മുനിസിപ്പാലിറ്റി

മുൻകൈ എടുത്ത് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കാൻ നടപടി പൂർത്തിയായിക്കഴിഞ്ഞാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറായി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കേണ്ടതുണ്ട്.

കൊല്ലം സ്വീവേജ് സ്കീമിന്റെ ബാക്കിയുള്ള പണികൾ പൂർത്തിയാക്കാൻ ഇനിയും 31 കോടി രൂപയോളം വേണ്ടിവരും. ഇതിന് തുക കണ്ടെത്തുന്നതിന് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളുടെ സഹായം വേണ്ടിവരും. അടുത്തകാലത്ത് ഇതിനുള്ള ഒരു നിർദ്ദേശം നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തിനായി തയ്യാറാക്കിയിട്ടുണ്ട്. മറ്റ് സഹായങ്ങൾ ഒന്നും ലഭിച്ചില്ലെങ്കിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഘട്ടംഘട്ടമായി നടപ്പാക്കാനേ ഇന്നത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നുള്ളൂ.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1975-ൽ അനുമതി ലഭിച്ച കൊല്ലം പട്ടണത്തിലെ സ്വീവേജ് സംസ്കരണ പദ്ധതി (കരീപ്പുഴ എന്ന സ്ഥലത്ത് ആധുനിക രീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ്) നാളിതുവരെ പ്രാവർത്തികമായിട്ടില്ല എന്നും ആയത് പ്രാവർത്തികമാക്കാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്നുമുള്ള സമിതിയുടെ ശിപാർശയിന്മേൽ സ്ഥലം ലഭ്യമാക്കാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് സർക്കാർ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഈ വിഷയത്തിന്മേലുള്ള ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

കൊല്ലം പട്ടണത്തിലെ മലിനജല വാഹകശൃംഖലയും അനുബന്ധ പണികൾക്കുമായി 1975-ൽ തുടങ്ങിവച്ച പദ്ധതിയിൽ പമ്പ് ഹൗസുകൾക്ക് സ്ഥലം ഏറ്റെടുത്തിരിക്കുന്ന വാട്ടർ അതോറിറ്റി ഏതാണ്ട് 32 കിലോമീറ്റർ നീളത്തിൽ പൈപ്പുകളും മാൻഹോളുകളും സ്ഥാപിച്ചെങ്കിലും പണം തികയാത്തതിനാൽ പദ്ധതി താൽക്കാലികമായി ഉപേക്ഷിച്ചെങ്കിലും 2007-ൽ എ.ഡി.ബി. ധനസഹായത്തോടെ കൊല്ലം നഗരസഭയിൽ ദ്രവമാലിന്യ സംസ്കരണശാലയും പുതുതായി മലിനജല വാഹകശൃംഖലയും സ്ഥാപിക്കുന്നതിന് കെ.എസ്.യു.ഡി.പി.യെ ചുമതലപ്പെടുത്തി. അതിനായി അനുവദിച്ച ഫണ്ടിൽ നിന്നും 60.35 കോടി രൂപ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുനരുദ്ധാരണം ചെയ്യുവെങ്കിലും,

പണി ആരംഭിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുമൂലം റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാത്തതിനാലും പ്രവർത്തനം മന്ദഗതിയിലാണ്. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ 12 ദശലക്ഷം ലിറ്റർ പ്രതിദിനം സംസ്കരണശേഷിയുള്ള പ്ലാന്റ് പണിയുന്നതിനായി 1980-കളിൽ വാട്ടർ അതോറിറ്റി തെരഞ്ഞെടുത്ത കരീപ്പുഴ എന്ന സ്ഥലത്ത് ജനങ്ങളുടെ എതിർപ്പുമൂലം ആദ്യ ടെണ്ടർ ചെയ്തെങ്കിലും കരാർ നൽകാൻ കഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റി സ്ഥാപിച്ച വിതരണശൃംഖലയും പുതുതായി സ്ഥാപിക്കാനായി കരാർ നൽകിയിട്ടുള്ള വിതരണശൃംഖല, പമ്പ് ഹൗസുകൾ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ പണി തീർക്കുന്നമുറയ്ക്ക് പ്രസ്തുത പ്ലാന്റും കരീപ്പുഴയിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.യു.ഡി.പി. മുഖേന ഏറ്റെടുത്ത പ്രവൃത്തികളുടെ 75% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ എതിർപ്പുമൂലം പണികൾ മന്ദഗതിയിലാണ്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 10</u>

കായലുകളും ചെറിയ തോടുകളും ജലാശയങ്ങളുംകൊണ്ട് സമൃദ്ധമായ ആലപ്പുഴയിൽ മലിനജല നിർമ്മാർജ്ജനം കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ ജില്ലയിലെ കനാലുകളുടെ ശുചീകരണം അത്യന്താപേക്ഷിതമാണ്. പൊതുവായ ഒരു സ്വീവേജ് നിർമ്മാർജ്ജന സംവിധാനം നിലവിലില്ലാത്ത ആലപ്പുഴയിലെ കനാലുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരിക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി നടപ്പിലാക്കണമെന്നും ആലപ്പുഴ പട്ടണത്തിന് മൊത്തമായി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച്, ആലപ്പുഴ പട്ടണത്തിലെ ജലാശയങ്ങളെ മാലിന്യവിമുക്തമാക്കി, തദ്ദേശവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജ.വി.വ. തീയതി 6-5-2003)

ആലപ്പുഴ കോർപ്പറേഷൻ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അഴുക്കുചാൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി പ്രീക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിട്ടുണ്ട്. അതു പരിഗണനയിലാണ്. മാത്രവുമല്ല 2002-03-ലെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾക്ക് തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

ആലപ്പുഴ നഗരസഭാ പ്രദേശത്തുകൂടെ കടന്നുപോകുന്ന വാടക്കനാൽ, കൊമേഴ്സ്യൽ കനാൽ, ചേർത്തല കനാൽ എന്നീ കനാലുകളുടെ 17 കിലോമീറ്ററിൽ അധികം ദൈർഘ്യം വരുന്ന കനാലുകളുടെ പരിപാലനം ഇറിഗേഷൻ ഡിവിഷനിൽ നിക്ഷിപ്തമാണ്. ടി കനാലുകളുടെ ഇരുവശത്തും ഉള്ള തീരങ്ങൾ DTPC മുഖേന നവീകരിച്ചും വരുന്നുണ്ട്. ആലപ്പുഴ നഗരസഭാ പ്രദേശത്തെ 52 വാർഡുകളിലായി സ്ഥിതിചെയ്യുന്ന ഇടത്തോടുകൾ എല്ലാംതന്നെ കഴിഞ്ഞ 3 വർഷങ്ങളിലായി നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്. നഗരസഭയിലെ ഷഡാമണി തോട്, റാണി തോട് എന്നിവയുടെ നവീകരണത്തിനുവേണ്ടി നടപ്പുവർഷം നഗരസഭയുടെ പദ്ധതി വിഹിതത്തിൽ 30,00,000 രൂപ ഉപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ആലപ്പുഴ നഗരസഭയിൽ ഒരു സമഗ്ര സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിലില്ല. ആയതു സംബന്ധിച്ച് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നഗരസഭ ഉദ്ദേശിക്കുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 11</u>

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന തൃശ്ശൂർ ജില്ലയിലെ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിൽ 1975-ൽ തുടങ്ങിവച്ച ഗുരുവായൂർ ഡ്രെയിനേജ് പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഗുരുവായൂരിൽ എത്തിച്ചേരുന്ന തീർത്ഥാടകരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്തെ മാലിന്യനിർമ്മാർജ്ജന പദ്ധതിക്ക് പ്രസക്തിയേറുന്നു. നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്ത ഗുരുവായൂർ ഡ്രെയിനേജ് പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രസ്തുത ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിച്ച് ഗുരുവായൂരിലെ സ്വീവേജ് സിസ്റ്റം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

### ജലവിഭവ (ജലവിതരണ-സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 10456/സി1/01/ജവിവ. തീയതി 13-11-2001)

ഗുരുവായൂരിലും പരിസരപ്രദേശങ്ങളിലും നിന്നുള്ള വിസർജ്ജ്യങ്ങൾ ചക്കംകണ്ടം എന്ന സ്ഥലത്ത് സ്ഥാപിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റുവഴി പുറംതള്ളുന്നതിനായുള്ള പദ്ധതിയുടെ ഘടകമായ 3 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് ഇ.പി.സി.എം. അടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ച പ്രകാരം മെക്രോൺ ബാംഗ്ലൂർ എന്ന സ്ഥാപനത്തിന് ടി പണി

ഏൽപ്പിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആധുനിക സംവിധാനങ്ങളോടുകൂടിയ ഈ സംസ്കരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പണികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതോടെ ഗുരുവായൂരിലെ പരിസ്ഥിതി മലിനീകരണം വലിയൊരളവുവരെ പരിഹരിക്കപ്പെടുന്നതാണ്.

(മറുപടി 8-1-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഗുരുവായൂരിലെ ഡ്രെയിനേജ് പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നും ആയത് പൂർത്തീകരിച്ച് ഗുരുവായൂരിലെ ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാക്കണമെന്നുള്ള സമിതിയുടെ ശിപാർശയിന്മേൽ ഇതുസംബന്ധിച്ച പണി ആരംഭിക്കാൻ പോകുന്നതായിട്ടുള്ള സർക്കാർ റിപ്പോർട്ട് പരിശോധിച്ചശേഷം ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

ചക്കംകണ്ടത്ത് ആധുനിക രീതിയിലുള്ള ഒരു മലിനജല സംസ്കരണ പ്ലാന്റിന്റെ പണി കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. നഗരത്തിലെ അഴുക്കുചാൽ നിർമ്മാണം കേരള വാട്ടർ അതോറിറ്റി വഴി നടത്തിവരുന്നു.

ബഹു. സമിതിയുടെ ശിപാർശ പ്രകാരമുള്ള ഗുരുവായൂർ ഡ്രെയിനേജ് പദ്ധതിയുടെ പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തിയാക്കിവരുന്നത്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 12</u>

പാലക്കാട്, ഷൊർണ്ണൂർ, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം എന്നീ നാല് മുനിസിപ്പാലിറ്റികൾ ഉള്ള പാലക്കാട് ജില്ലയിൽ ഒന്നിൽപ്പോലും മലിനജല ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന സംവിധാനങ്ങൾ നിലവിലില്ല. ആകയാൽ പ്രതിദിനം ഒരു കോടി ലിറ്റർ സ്വീവേജ് ഉണ്ടാകുന്ന പാലക്കാട് നഗരത്തിലെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പാലക്കാട് നഗരത്തിലെ ഇന്നത്തെ ജനസംഖ്യാ വർദ്ധനവിന് അനുസരിച്ച് ആധുനിക രീതിയിലുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജലവിവ. തീയതി 6-5-2003)

പാലക്കാട് ജില്ലയെ സംബന്ധിച്ച് മാലിന്യനിർമ്മാർജ്ജന പദ്ധതിയുടെ യാതൊരു പ്രൊപ്പോസലും ഇതുവരെയും ഉണ്ടായിട്ടില്ല.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 13</u>

പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെയും ജില്ലാ ആസ്ഥാനങ്ങളിലെങ്കിലും സ്വീവേജ് ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കുകയും അതിലേക്കായി, ആധുനിക രീതിയിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ എത്രയുംവേഗം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 10546/സി1/01/ഇറി.വ. തീയതി 13-11-2001)

പത്തനംതിട്ട, കോട്ടയം, ഇടുക്കി മുതലായ ജില്ലാ ആസ്ഥാനങ്ങളിൽ സ്വീവേജ് സംവിധാനം നടപ്പാക്കാനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ വാട്ടർ അതോറിറ്റിക്കില്ല. സംസ്ഥാനത്തെ പ്രധാന നഗരപ്രദേശങ്ങളിലെ മലിനജല നിർമ്മാർജ്ജന പദ്ധതികൾ മാത്രമാണ് കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

(മറുപടി 16-12-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ ആസ്ഥാനത്തെങ്കിലും സ്വീവേജ് ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ ഇതിനുള്ള നിർദ്ദേശങ്ങൾ ഒന്നും നിലവിലില്ല എന്ന മറുപടി സമിതിക്ക് സ്വീകാര്യമായില്ല. ഈ കേന്ദ്രങ്ങളിൽ സ്വീവേജ് ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പദ്ധതി ആരംഭിക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിച്ചു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 1-8-2015)

ബഹു. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിർദ്ദേശപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യം (സെപ്റ്റേജ്) സംസ്കരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാനായി 15-6-2013-ലെ 222/2013/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, മലപ്പുറം, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ സെപ്റ്റേജ് പ്ലാന്റുകൾ സ്ഥാപിക്കാനായി അതത് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥലം കണ്ടെത്തി കൈമാറ്റം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിൽ വയനാട്ടിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലും കോട്ടയത്ത് എരുമേലി പഞ്ചായത്തിലും ഇടുക്കിയിൽ മൂന്നാർ പഞ്ചായത്തിലും പ്ലാന്റിനുള്ള സ്ഥലം കണ്ടെത്തി, നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻതന്നെ ദർഘാസ് ക്ഷണിക്കുന്നതാണ്. മറ്റ് ജില്ലകളിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. കേരള സംസ്ഥാനത്തെ ആദ്യ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കൊച്ചിയിൽ ബ്രഹ്മപുരത്ത് പൂർത്തിയായിവരുന്നു. വെല്ലിംഗ്ടൺ ഐലന്റിലും ഒരു പ്ലാന്റിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. പാലക്കാട് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## <u>അദ്ധ്യായം III</u>

## സമിതി (1996-1998)-യുടെ എട്ടാമത് റിപ്പോർട്ടിലെ പൊതുശിപാർശകൾ, അവയിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

<u>ശിപാർശ 1</u>

സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ സ്വീവറേജും (സ്വീവേജ് പൈപ്പുകളുടെ ശൃംഖല) സ്വീവേജ് സംസ്കരണ ശാലകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. സ്വീവേജ് സംസ്കരണ സംവിധാനം ഭാഗികമായി നിലവിലുള്ള തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകളിലെ സ്വീവറേജുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണമെന്നും സ്വീവേജ് സംവിധാനം നിലവിലില്ലാത്ത മറ്റുള്ള നഗരങ്ങളിൽ ജനസംഖ്യാടിസ്ഥാനത്തിൽ ആവശ്യകതയ്ക്കനുസരിച്ച് സ്വീവേജ്-ശേഖരണ-സംസ്കരണ സംവിധാനം നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

കേരള ജല അതോറിറ്റിയാണ് ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനുള്ളത്.

**(ബി) ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജലവിവ. തീയതി 6-5-2003)

തിരുവനന്തപുരം, കൊച്ചി എന്നീ കോർപ്പറേഷനുകളിലെ സ്വീവറേജുകളുടെ അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് യഥാസമയം നടത്തിവരുന്നുണ്ട്. സ്വീവേജ് സംവിധാനം നിലവിലില്ലാത്ത മറ്റ് നഗരങ്ങളിൽ സ്വീവേജ് സംസ്കരണ പദ്ധതികൾ സ്ഥാപിക്കുന്ന കാര്യം ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് നടപ്പാക്കാവുന്നതാണ്. സ്വീവറേജ് പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രധാന തടസ്സം ഫണ്ടിന്റെ അപര്യാപ്തതയാണ്.

(മറുപടി 16-12-2003-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കേരള ജല അതോറിറ്റി സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ സ്വീവറേജും/ സ്വീവേജ് സംസ്കരണ ശാലകളും സ്ഥാപിക്കണമെന്നും അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പിലാക്കണമെന്നുമുള്ള സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 22-7-2015)

കേന്ദ്ര പദ്ധതികളായ JNNURM, KSUDP പദ്ധതികളിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്വീവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി. ആയതിനുള്ള സാമ്പത്തിക സഹായം വിവിധ ഉറവിടങ്ങളിൽ നിന്ന് നേടി നടപ്പിലാക്കാനുള്ള സംവിധാനം സംസ്ഥാനത്ത് ഉണ്ട്. അതിൽ പ്രതിദിനം 107 മില്യൻ ലിറ്റർ സ്വീവേജ് സംസ്കരിക്കാനുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി തിരുവനന്തപുരം

മുട്ടത്തറയിൽ പൂർത്തിയാക്കി 2013 മുതൽ പ്രവർത്തനം നടത്തിവരുന്നു. ഇതിനായുള്ള നടപടികൾ ബന്ധപ്പെട്ട നഗരസഭകളും KSUDP, Kerala Water Authority എന്നിവയും സംയുക്തമായി കൈക്കൊണ്ടുവരുന്നു. നിലവിലുള്ള സ്വീവറേജ് സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 2

സ്വീവേജ് നിർമ്മാർജ്ജന സംവിധാനം നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്ന നഗരപ്രദേശങ്ങളിലും നഗരേതര പ്രദേശങ്ങളിലും വീട്ടുകൾ, ആശുപത്രികൾ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സെപ്റ്റിക് ടാങ്കുകൾ ഉള്ള കക്കൂസുകൾ നിർബന്ധിതമാക്കണം.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോൾ സെപ്റ്റിക് ടാങ്ക് കക്കൂസ് നിർമ്മിക്കണമെന്ന് നിർദ്ദേശം നൽകിവരുന്നുണ്ട്.

(മറുപടി 11-12-2002 ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനോട് അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരം

കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോൾ സെപ്റ്റിക് ടാങ്ക് കക്കൂസ് നിർമ്മിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ടോ എന്ന വിവരം ആരാഞ്ഞു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 22-7-2015)

2011-ലെ സെൻസസ് പ്രകാരം നഗരസഭ പ്രദേശങ്ങളിൽ ഏകദേശം 50% വീട്ടുകളിൽ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനമാണ് നിലവിലുള്ളതെന്ന് കാണുന്നു. എല്ലാ വീട്ടുകളിലും സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം ബഹു. സമിതി ശിപാർശ ചെയ്തതുപോലെ നിലവിൽ വരേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബിൽഡിംഗ്

പെർമിറ്റ് നൽകുന്ന സമയത്ത് വീടുകളിലും സ്ഥാപനങ്ങളിലും സെപ്റ്റേജ് ടാങ്ക് സോക്പിറ്റ് സംവിധാനം ഉണ്ടാകണമെന്ന് നിഷ്കർഷിച്ചുവരുന്നു. ബിൽഡിംഗ് പെർമിറ്റിനായി പ്ലാനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് ചേർന്ന പ്ലാനുകൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊണ്ട് പരിശോധിപ്പിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3

സെപ്റ്റിക് ടാങ്കുകളിലെ സെപ്റ്റേജ് (അവശിഷ്ടം) കാലാകാലങ്ങളിൽ മാറ്റുന്നതിനുള്ള സംവിധാനം, കേരള വാട്ടർ അതോറിറ്റിയോ തദ്ദേശഭരണ സ്ഥാപനങ്ങളോ നിർബന്ധമായും നടപ്പിലാക്കണം. സെപ്റ്റേജ് നീക്കം ചെയ്യുന്നതിന് ടാങ്കർ ലോറികൾ ഏർപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനോട് അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

മറുപടി സമിതിക്ക് തൃപ്തികരമല്ലാത്തതിനാൽ ഈ വിഷയം സംബന്ധിച്ച് എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് ആരാഞ്ഞു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 22-7-2015)

സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള സെപ്റ്റേജ് നീക്കം ചെയ്യുന്നതിനും ആയത് ജില്ലാതലത്തിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നഗരദ്രവമാലിന്യം (സ്വീവേജ്) സംസ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനോടൊപ്പം സെപ്റ്റേജും സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജില്ലയിലുണ്ടാകുന്ന സെപ്റ്റിക് ടാങ്കുകളിലെ സെപ്റ്റേജ് മുകളിൽപ്പറഞ്ഞ നഗരസഭകളിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കാനാണ് ലക്ഷ്യമിടുന്നത്. അതിൽ തിരുവനന്തപുരത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് 107 മില്യൻ ലിറ്റർ ശേഷിയുള്ളത് പ്രവർത്തനക്ഷമമായിട്ടുണ്ട്. ഈ പ്ലാന്റിൽ സെപ്റ്റേജ് കൂടി സംസ്കരിക്കാനുള്ള സംവിധാനം കൂടി ഏർപ്പെടുത്താനുള്ള പദ്ധതി തയ്യാറാക്കി ടെണ്ടർ നടപടിയുമായി മുന്നോട്ടുപോകുന്നുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പ്രതിദിനം 100 ക്യൂബിക് മീറ്റർ സെപ്റ്റേജ് മാത്രമായി സംസ്കരിക്കാനുള്ള Stand Alone Septage Treatment Plant സ്ഥാപിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണജോലികൾ നടന്നുവരുന്നു. ആയതിന്റെ പ്രവൃത്തി പരിപാലനം കൊച്ചി നഗരസഭയ്ക്കാണ്. കൊച്ചി പോർട്ട് ട്രസ്റ്റിന്റെ സ്ഥലത്ത് ഇതേ തരത്തിലുള്ള ഒരു പ്ലാന്റ് കൂടി നിർമ്മിക്കാൻ നടപടി എടുത്തുവരുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായാലും എറണാകുളം ജില്ലയിലെ മുഴുവൻ ആവശ്യങ്ങളും കണക്കിലെടുക്കുമ്പോൾ ഇത്തരത്തിൽ കൂടുതൽ പ്ലാന്റുകൾ ആവശ്യമായി വരുന്നതിനാലാണ് 2 പ്ലാന്റുകൾ നിർമ്മിക്കുന്നത്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിച്ച ശേഷം ഇവയിൽനിന്ന് മലിനീകരണങ്ങളോ ആരോഗ്യപ്രശ്നങ്ങളോ ഉണ്ടാവില്ലായെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് മറ്റ് ജില്ലകളിലേക്ക് പ്ലാന്റ് സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടുവരുന്നു. ഇതിനായി ത്രിതല പഞ്ചായത്തുകൾ വഴിയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബഹു. സമിതിയുടെ ശിപാർശ കണക്കിലെടുത്ത് ഇതിനുള്ള സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിൽനിന്ന് ലഭ്യമാക്കിവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ശുചിത്വ മിഷൻവഴി നിർവ്വഹണ ഏജൻസികൾക്ക് ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.

(മറുപടി സമിതിയുടെ 5-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ 4</u>

സെപ്റ്റിക് ടാങ്കുകളിൽ നിന്നും ഡ്രെയിനേജ് പൈപ്പുകളിൽ നിന്നും മലിനജലം നേരിട്ട് ഓടകളിലേക്കോ തോടുകളിലേക്കോ കായലുകളിലേക്കോ ഒഴുക്കുന്നത് കർശനമായി നിരോധിക്കണം. ഇങ്ങനെ മാലിന്യങ്ങൾ ഒഴുക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

സെപ്റ്റിക് ടാങ്കുകൾ, ഡ്രെയിനേജ് പൈപ്പുകൾ എന്നിവയിൽ നിന്നും നേരിട്ട് തോടുകൾ, കായലുകൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിലേക്ക് മലിനജലവും മറ്റ് മാലിന്യങ്ങളും ഒഴുക്കിവിടുന്നതും പൊതുനിരത്തുകളിലേക്ക് മാലിന്യങ്ങൾ വലിച്ചെറിയുന്നതും ശിക്ഷാർഹമാണെന്നും അറിയിച്ചുകൊണ്ടുള്ള പരസ്യങ്ങളും മറ്റും നഗരസഭകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഇത് സംബന്ധിച്ച് എടുത്ത നടപടികളുടെ വിശദാംശവും അംഗീകൃത സെപ്റ്റിക് ടാങ്ക് പണിയാത്ത വീടുകൾക്ക് അംഗീകാരം കൊടുക്കാറുണ്ടോ എന്ന വിവരവും ആരായണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതോടൊപ്പം മാതൃകാപരമായി സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ചുകൊടുക്കാനുള്ള സംവിധാനം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജലവിവ. തീയതി 6-5-2003)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈ ശിപാർശയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5</u>

മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കപ്പെടാതിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായത്തിന്റെ കുറവുകൊണ്ടാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ മാലിന്യസംസ്കരണത്തിന് ചുമതലപ്പെട്ട നഗരസഭകൾ, വാട്ടർ അതോറിറ്റി എന്നിവകൾക്ക് മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായകരമായ രീതിയിൽ തുക ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തണമെന്നും ഇതിനായി പുതിയ ഹെഡ് ഓഫ് അക്കൗണ്ട് തുറക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി 1997-98 വർഷം മുതൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രശ്നപ്രദേശങ്ങൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിലായി 320 ലക്ഷം രൂപ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്.

ഇതിനുപുറമെ നഗരസഭകൾക്ക് ഈ ആവശ്യത്തിന് പലിശ സബ്സിഡിയോടുകൂടി വായ്പ സ്വരൂപിക്കുന്നതിന് കേരള നഗര വികസന ധനകാര്യ കോർപ്പറേഷന് 1.21 കോടി രൂപ സർക്കാർ സഹായം അനുവദിച്ചിട്ടുണ്ട്.

**(ബി) ജലവിഭവ (ജലവിതരണ-സി ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 10546/സി1/2001/ഇറി.വ. തീയതി 13-11-2001)

സംസ്ഥാന പ്ലാൻ ബഡ്ജറ്റിൽ, ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന തിരുവനന്തപുരം, ഗുരുവായൂർ എന്നീ സ്വീവറേജ് പദ്ധതിക്കാവശ്യമുള്ള തുക വകയിരുത്തിയിട്ടുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനോട് അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഈ തുകയിൽനിന്ന് (1.21 കോടി രൂപ) വിവിധ നഗരസഭകൾക്ക് എത്ര രൂപ വീതം നൽകി എന്നതിന്റെ വിശദാംശവും പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരവും സമിതി ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 22-7-2015)

മാലിന്യസംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെടുന്ന വിഷയമാണ്. ഇതിനായി പദ്ധതികൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കാവുന്നതും അതിനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത്

നിന്നുള്ള വിഹിതം നേടാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി എടുക്കേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണം ഒരു പ്രശ്നമായ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള 100% സാമ്പത്തിക സഹായം ലഭ്യമാക്കാനും നടപടി എടുത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര പദ്ധതികളായ JNNURM, UIDSSMT, KSUDP തുടങ്ങിയ പദ്ധതികൾ വഴിയും ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ലഭ്യമാക്കിവരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലേക്ക് ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി നിർമ്മൽ ഭാരത് അഭിയാൻ (NBA) ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി എടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുകളിൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ശുചിത്വ മിഷൻവഴി പഞ്ചായത്തു വകുപ്പിന്റേയും നഗരകാര്യ വകുപ്പിന്റേയും ഗ്രാമവികസന വകുപ്പിന്റേയും ബഡ്ജറ്റ് ഹെഡിൽ ഉൾപ്പെടുത്തിയാണ് തുക നൽകിവരുന്നത്. മുകളിൽപ്പറഞ്ഞ വകുപ്പുകൾക്ക് പ്രത്യേക ബഡ്ജറ്റ് ഹെഡ് മാലിന്യ സംസ്കരണത്തിനും സാനിട്ടേഷനുമായി നിലവിൽ ഉണ്ട് എന്ന കാര്യം ബഹു. സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 6

ശുചീകരണത്തൊഴിലാളികളുടെ കുറവ് ശുചീകരണരംഗത്തെ കാര്യക്ഷമതയെ കാര്യമായി ബാധിക്കുന്നുണ്ട് എന്ന് സമിതി കണ്ടെത്തുകയുണ്ടായി. ആകയാൽ നഗരസഭകൾക്ക് ആവശ്യമുള്ളത്ര ശുചീകരണ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളേയും ശുചീകരണ പ്രക്രിയ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനോട് അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാൻ സമിതി നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി I/14/തസ്വഭവ. തീയതി 22-7-2015)

ശുചീകരണത്തൊഴിലാളികളേയും ശുചീകരണത്തിനാവശ്യമായ ഉപകരണം, വാഹനങ്ങൾ എന്നിവയും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വകുപ്പ് വഴിയും നഗരകാര്യ വകുപ്പ് വഴിയും സഹായം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി നഗരസഭകളുടെ ആവശ്യം, മുകളിൽപ്പറഞ്ഞ വകുപ്പുകൾ വഴി അനുമതി നൽകാൻ സർക്കാരിലേക്ക് ലഭിക്കുന്നതിന് പരിഗണിച്ച് ആവശ്യമായ അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിവരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 7

ഖരമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമാക്കുന്ന ആധുനികവിദ്യ പല സംസ്ഥാനങ്ങളിലും നടപ്പിലാക്കി കഴിഞ്ഞതായി സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യങ്ങൾ ആധുനിക രീതിയിൽ സംസ്കരിച്ച് ജൈവവളമാക്കി തീർക്കുന്ന പ്രക്രിയ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ജനസാന്ദ്രത കൂടിയ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഇത് സമയബന്ധിതമായിതന്നെ നടപ്പിൽ വരുത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി 3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഖരമാലിന്യങ്ങളിൽ നിന്നും പുനരുപയോഗത്തിനുള്ളതും ജീർണ്ണിക്കാത്തതുമായ വസ്തുക്കൾ വേർതിരിച്ചതിനുശേഷം ബാക്കിയുള്ളവ ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ വിവിധ നഗരസഭകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇപ്രകാരം മാലിന്യത്തിൽ നിന്നും ജൈവവളം ഉൽപ്പാദിപ്പിച്ച് ശാസ്ത്രീയമായി മാലിന്യ സംസ്കരണം നടത്തുവാൻ വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ,

കൊല്ലം, പാലക്കാട് എന്നീ നഗരസഭകൾ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഗുരുവായൂർ, വടകര, തളിപ്പറമ്പ് എന്നീ നഗരസഭകളും നടപടി സ്വീകരിച്ചിട്ടുണ്ട്.

(മറുപടി 11-12-2002 ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഇതു സംബന്ധിച്ച് ഓരോ സ്ഥലത്തും സ്വീകരിച്ച നടപടികളുടെ വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/14/തസ്വഭവ. തീയതി 22-7-2015)

ഖരമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളമാക്കുന്ന വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ്, വെർമി കമ്പോസ്റ്റ് പ്ലാന്റ് തുടങ്ങിയവ കുറ്റമറ്റതാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിൽ അവ കുറ്റമറ്റതാക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽകൊടുത്ത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സഹായം ലഭ്യമാക്കിവരുന്നു. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായി 27 നഗരസഭകൾക്ക് നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനും അവ കുറ്റമറ്റതാക്കുന്നതിനും പുതിയ പ്ലാന്റുകളുടെ നിർമ്മാണത്തിനും 100% സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്തുനിന്നും ശുചിത്വ മിഷൻവഴി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലാന്റുകൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കാനും പ്രോത്സാഹനം നൽകിവരുന്നു. അതിനോടൊപ്പംതന്നെ ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകി വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ ജൈവവളവും ബയോഗ്യാസും ആക്കി മാറ്റാനുള്ള പ്രവർത്തനവും നടത്തി വരുന്നു. ഇതിൽ നിന്നും പൊതുസംവിധാനത്തിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം മാലിന്യത്തിന്റെ അളവ് കുറയുമ്പോൾ നിലവിലുള്ള പൊതുസംസ്കരണ പ്ലാന്റ് കുറ്റമറ്റതും പരിസ്ഥിതി സൗഹൃദവുമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലാണ് ഇത്തരത്തിൽ പ്രവർത്തനം നടത്തുന്നത്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 8</u>

മലിനജല-മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആകയാൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പ്, വാട്ടർ അതോറിറ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്നിവകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തണമെന്നും തദ്വാരാ സംസ്ഥാനത്തെ മലിനജല-മാലിന്യ ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ ജി3/98/എൻ.എസ്.ജി.ഡി. തീയതി 22-1-2001)

ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

സംസ്ഥാനത്തെ മാലിന്യ ശേഖരണ-സംസ്കരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ആകയാൽ അടിയന്തര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജലവിഭവ. തീയതി 6-5-2003)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മേൽ നടപടികൾ പരിഗണിക്കുന്നതാണ്.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9

ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും കനാലുകൾ ശുദ്ധീകരിക്കുന്നതിനും സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഉപയോഗപ്പെടുത്തണം. ഇതിനായി എം.എൽ.എ.മാർ, ജില്ലാ കളക്ടർ, കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ജലസേചനം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ, കോർപ്പറേഷൻ മേയർമാർ, സെക്രട്ടറിമാർ, മുനിസിപ്പൽ ചെയർമാൻമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായുള്ള ഒരു സമിതി രൂപവൽക്കരിക്കണം. ഈ സമിതിയുടെ

ചെയർമാൻ ജില്ലാ ആസ്ഥാനത്തിലെ എം.എൽ.എ. ആയിരിക്കണം. അതത് ജില്ലാ കളക്ടർമാർ കൺവീനർമാരായി പ്രവർത്തിക്കണമെന്നും പ്രസ്തുത സമിതി മാസത്തിലൊരിക്കൽ യോഗം കൂടി, അതത് സ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും കാലാനുസൃതമായി നടപടികൾ സ്വീകരിച്ച്, പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായങ്ങൾ നൽകുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. തീരുമാനമാകുന്നമുറയ്ക്ക് അറിയിക്കുന്നതാണ്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും കനാലുകൾ ശുദ്ധീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും ജനകീയ കമ്മിറ്റികൾ വേണമെന്ന സമിതിയുടെ ശിപാർശയിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇതു സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിച്ചുകൊണ്ട് പ്രസ്തുത വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 31550/സി1/01/ജലവിഭവ. തീയതി 6-5-2003)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മേൽ നടപടികൾ പരിഗണിക്കുന്നതാണ്.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 10</u>

കൊതുക് നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വെള്ളം കെട്ടിക്കിടക്കുന്ന ചതുപ്പ് സ്ഥലങ്ങളിലും ഓടകളിലും മറ്റും കൊതുക് നശീകരണത്തിനായുള്ള മരുന്ന് നിർബന്ധമായും എല്ലാ ദിവസവും തളിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നഗരസഭകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൊതുക് ലാർവ പെരുകുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടങ്ങളിൽ കൃത്യമായി ആന്റിലാർവിൻ സ്പ്രേയിംഗ് നടത്തുകയും മലിനജല ഓടകൾ ശുചിയാക്കുകയും സെപ്റ്റിക് ടാങ്ക്/സോക്പിറ്റുകൾ എന്നിവയുടെ കേടുപാടുകൾതീർത്ത് ഉപയോഗസജ്ജമാക്കുന്നതിനും അവയോടനുബന്ധിച്ചുള്ള വായു ബഹിർഗമന കുഴലുകൾ നെറ്റുകെട്ടി ഭദ്രമാക്കി ഉപയോഗശൂന്യമായ കുളങ്ങളിലെയും മറ്റും പായലുകൾ നീക്കി വൃത്തിയാക്കുക എന്നീ പ്രവൃത്തികൾ നഗരസഭകളിൽ നിന്നും നടത്തിവരുന്നുണ്ട്. കേരള ഹൈക്കോടതി നിർദ്ദേശപ്രകാരം കൊച്ചി നഗരസഭാ പ്രദേശത്തെ കൊതുകനശീകരണ പ്രവർത്തനങ്ങളുടെ പുരോഗതി ആഴ്ചതോറും വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയശേഷം അത് മറ്റ് നഗരസഭകളിലേക്ക് വ്യാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(മറുപടി സമിതിയുടെ 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

ഇതു സംബന്ധിച്ച പുരോഗതി വിലയിരുത്തിയശേഷം ഇത് എല്ലായിടത്തും വ്യാപിപ്പിക്കുന്ന കാര്യത്തിൽ എന്ത് തീരുമാനമെടുത്തു എന്ന് സമിതി ആരാഞ്ഞു. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ മേജർ കോർപ്പറേഷൻ ഏരിയകളിലെ കൊതുകുശല്യത്തെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

## തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/2014/തസ്വഭവ. തീയതി 22-7-2015)

കൊതുകിന്റെ ഉറവിട നിർമ്മാർജ്ജനത്തിനായി "ഡ്രൈ ഡേ" ആചരണവും കൂടിക്കിടക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യൽ, ജലാശയങ്ങളിലെ ഒഴുക്ക് സുഗമമാക്കൽ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നു. മഴക്കാലത്തിനുമുമ്പ് മുകളിൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്നതിനായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡൊന്നിന് 10,000 രൂപ ശുചിത്വ മിഷന്റെ ഭാഗത്തുനിന്നും 10,000 രൂപ NRHM-ന്റെ ഭാഗത്തുനിന്നും 5,000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിവരുന്നു. ബഹു. സമിതിയുടെ ശിപാർശ കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കൊതുക് നിർമ്മാർജ്ജനവും കൊതുകിന്റെ ഉറവിട നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൊതുകിന്റെ നിർമ്മാർജ്ജനത്തിനുള്ള മരുന്നടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കി വരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 11

ആരോഗ്യ പരിപാലനരംഗത്ത്, ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതലും ഗ്രാമപ്രദേശങ്ങളിലാണ് ചെയ്തു വരുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് അന്തർദേശീയ തലങ്ങളിൽ നിന്നുമുള്ള വിഭവങ്ങൾ, മരുന്ന്, ബോധവൽക്കരണ ഉപാധികൾ, വാഹനങ്ങൾ എന്നിവ ഉൾപ്പെടുന്ന ആരോഗ്യ വകുപ്പിന്റെ എല്ലാ ഉപാധികളും നഗരപ്രദേശങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഇക്കാര്യത്തിൽ നടപടികളെടുക്കേണ്ടത് ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

ഈ ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. ആകയാൽ പ്രസ്തുത വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/2014/തസ്വഭവ. തീയതി 22-7-2015)

നഗരപ്രദേശത്തുകൂടി ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ വ്യാപിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെകീഴിൽ

പ്രവർത്തിക്കുന്ന National Rural Health Mission (NRHM)-ന്റെ പ്രവർത്തനം നഗരപ്രദേശത്തുകൂടി വ്യാപിപ്പിക്കാൻ ദേശീയതലത്തിൽ നടപടി എടുത്തതിന്റെ ഭാഗമായി കേരളത്തിലും നടപടി എടുത്തിട്ടുണ്ട്. ബഹു. സമിതിയുടെ ശിപാർശ പ്രകാരമുള്ള മരുന്ന്, ബോധവൽക്കരണ പരിപാടികൾ, ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നഗരപ്രദേശത്തുകൂടി ഇപ്പോൾ ലഭ്യമാക്കിവരുന്നു.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 12

സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലെയും പട്ടണങ്ങളിലെയും ഹോട്ടലുകൾ, വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ എന്നിവകളിലെ പിറ്റുകളിൽ നിന്നുള്ള മാലിന്യങ്ങൾ അതതു ദിവസംതന്നെ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഓരോ വാർഡിലേക്കും ആവശ്യമായ ശുചീകരണ തൊഴിലാളികളെ നിയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നിലവിലുള്ള തൊഴിലാളികളെ ഉപയോഗിച്ച് അതതു ദിവസംതന്നെ നീക്കം ചെയ്തു വരുന്നുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 13

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും പട്ടണങ്ങളിലും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ആവശ്യത്തിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം ഉള്ളതായി സമിതി മനസ്സിലാക്കുന്നു. മിക്ക നഗരപ്രദേശങ്ങളിലും ദിനംപ്രതി 300 ടണ്ണിനും 500 ടണ്ണിനും ഇടയ്ക്കുള്ള ഖരമാലിന്യങ്ങൾ കുന്നുകൂടുന്നുണ്ട്. സ്ഥലദൗർലഭ്യം അനുഭവപ്പെടുന്ന മുനിസിപ്പാലിറ്റികളിൽ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(മറുപടി സമിതിയുടെ 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

## സമിതി ആരാഞ്ഞ അധികവിവരം

സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് വ്യക്തമാക്കിയിട്ടില്ല. ആകയാൽ പ്രധാന കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാനങ്ങളിലും ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

## സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

### തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 62597/ഡിസി1/2014/തസ്വഭവ. തീയതി 22-7-2015)

സംസ്ഥാനത്തെ നഗരങ്ങളിലും പട്ടണങ്ങളിലും ഖരമാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ചുമതലയാണ്. സംസ്ഥാനത്തെ 33 നഗരസഭകളിൽ ഭാഗികമായോ പൂർണ്ണമായോ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം നിലവിലുണ്ട്. എന്നാൽ നിലവിലുള്ള പ്ലാന്റുകളിൽ പലതരത്തിലുള്ള പോരായ്മകൾ നിലവിലുണ്ടായിരുന്നു. അവയിലെ പോരായ്മകൾ പരിഹരിക്കാനുള്ള നടപടിയാണ് കഴിഞ്ഞ 2 വർഷമായി ഊന്നൽ നൽകി നടപ്പിലാക്കി വരുന്നത്. നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനായി 27 നഗരസഭകൾക്ക് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാരിൽ നിന്നും ഇത്തരത്തിലുള്ള പ്രവർത്തനത്തിനു വേണ്ടുന്ന 100% സാമ്പത്തിക സഹായം ലഭ്യമാക്കിവരുന്നു. മാലിന്യപ്രശ്നം രൂക്ഷമായ സാഹചര്യത്തിൽ മൂന്ന് തരത്തിലുള്ള നയപരമായ നീക്കമാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഉറവിട മാലിന്യസംസ്കരണമാണ് അതിൽ ആദ്യത്തേത്. ഇതിനായി നഗരപ്രദേശമെന്നോ നാട്ടിൻപുറമെന്നോ വ്യത്യാസമില്ലാതെ ഉയർന്ന സബ്സിഡി 90% വരെ ലഭ്യമാക്കി വിവിധതരത്തിലുള്ള കമ്പോസ്റ്റ് സംവിധാനങ്ങളും ബയോഗ്യാസ് പ്ലാന്റുകളും നടപ്പിലാക്കാൻ പ്രോത്സാഹനം നൽകിവരുന്നു. സംസ്ഥാനത്ത് ഏതാണ്ട് 65 നഗരസഭകളിലും 820 ഗ്രാമപഞ്ചായത്തുകളിലും ഒന്നാംഘട്ട ഉറവിട മാലിന്യസംസ്കരണ പദ്ധതികൾക്കുള്ള അനുമതിയും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സാമ്പത്തിക സഹായവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനംവഴി നടപ്പിലാക്കിവരുന്നു. രണ്ടാമത്തെ പ്രവർത്തനം പ്ലാന്റുകൾ നിലവിലില്ലാത്ത സ്ഥലത്ത് പുതിയ പ്ലാന്റുകൾ സ്ഥാപിക്കലും, പ്ലാന്റുകൾ നിലവിലുള്ള സ്ഥലത്ത് പ്ലാന്റുകൾ കുറ്റമറ്റതാക്കാനുള്ള പ്രവർത്തനങ്ങളാണ്. ഇതിനായി 100% സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കിവരുന്നു. മൂന്നാമത്തെ പ്രവർത്തനം മാലിന്യം കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നവീന തെർമ്മൽ

സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മോഡൽ പ്ലാന്റുകൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനുള്ള നടപടിയാണ്. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് നിലവിലുണ്ടെങ്കിലും കേരളത്തിന്റെ സവിശേഷ കാലാവസ്ഥയും മാലിന്യത്തിന്റെ സ്വഭാവവും മറ്റും കാരണത്താൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട് എന്ന് കണ്ടതിനാലാണ് വിദഗ്ധ സമിതികളുടെ ശിപാർശ അനുസരിച്ച് തെർമ്മൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നവീന പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി എടുത്തിട്ടുള്ളത്. ഇതിൽ ആദ്യത്തെ പ്ലാന്റ് കൊച്ചി നഗരത്തിൽ ഗ്രേറ്റർ കൊച്ചി മേഖലയിൽ വരുന്ന മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും ചേർത്ത് സ്വകാര്യ പങ്കാളിത്തത്തോടെ കൊച്ചി നഗരസഭ വഴി പ്ലാന്റ് സ്ഥാപിക്കാനായി നടപടി എടുത്തിട്ടുണ്ട്. പ്രതിദിനം 300 ടൺ മാലിന്യം സംസ്കരിച്ച് അതിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന ഈ പ്ലാന്റ് വിജയകരമായാൽ ശേഷിക്കുന്ന സ്ഥലങ്ങളിലും സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. മുകളിൽപ്പറഞ്ഞ പ്രവർത്തനങ്ങൾവഴി പൊതുസംവിധാനത്തിലേക്ക് വരുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും പ്ലാസ്റ്റിക് ഇ-വേസ്റ്റ് തുടങ്ങിയവ പൊതു സംവിധാനത്തിൽ ശേഖരിക്കാനുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപടി കൈക്കൊണ്ടിട്ടുള്ളത്. പ്ലാന്റുകൾ സ്ഥാപിക്കാനായിട്ടുള്ള സ്ഥലം നഗരസഭകൾ കണ്ടുപിടിച്ചിട്ടുണ്ടെങ്കിലും തദ്ദേശവാസികളുടെ എതിർപ്പ് കാരണത്താൽ പ്ലാന്റിന്റെ പണി തടസ്സപ്പെടാനുള്ള സാഹചര്യമാണ്. എങ്കിൽ തന്നെയും ജനങ്ങളെ ബോധവൽക്കരിച്ച് നിലവിലുള്ള സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കാനും, നിലവിലുള്ളവ നവീകരിക്കാനും, പ്ലാന്റുകൾ ഇല്ലാത്തുള്ള സ്ഥലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കാനുമാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്. ബഹു. സമിതിയുടെ ശിപാർശ കണക്കിലെടുത്ത് ഇത്തരത്തിലുള്ള പ്രവർത്തനത്തിന് ഊന്നൽ നൽകിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം സർക്കാർ നൽകിവരുന്നത്. പ്രതിദിനം 200 ടണ്ണിൽ കൂടുതൽ മാലിന്യം ഉണ്ടാകുന്ന നഗരസഭകൾ തിരുവനന്തപുരവും കൊച്ചിയുമാണ്. കേരളത്തിലെ നഗരസഭകളിൽ 50%-ൽ താഴെ ഉള്ളവയും പ്രതിദിനം 10 ടണ്ണിൽ താഴെയുമാണ് മാലിന്യം ശേഖരിക്കപ്പെടുന്നത്. ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതോടുകൂടി ഇതിന്റെ അളവും ഘട്ടംഘട്ടമായി കുറയ്ക്കാനാണ് നടപടി കൈക്കൊണ്ടുവരുന്നത്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 14

മുനിസിപ്പാലിറ്റികളിലെയും നഗരങ്ങളിലെയും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനറേറ്റർ ആവശ്യമായ സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/1998/എൽഎസ്ജിഡി. തീയതി 22-1-2001)

ആശുപത്രി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനറേറ്റർ ആവശ്യമായ സ്ഥലങ്ങളിൽ അത് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. അതത് പ്രദേശത്ത് നിലവിലുള്ള സാഹചര്യങ്ങൾക്കനുസൃതമായി ഇവ സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ നഗരസഭകൾ ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയുംപ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

ഇതുസംബന്ധിച്ച് നാളിതുവരെയുള്ള നടപടികളുടെ വിശദവിവരം സമിതിക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 62597/ഡി.സി1/2014/തസ്വഭവ. തീയതി 22-7-2015)

മുനിസിപ്പാലിറ്റികളിലെയും നഗരസഭകളിലെയും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബയോളജിക്കൽ പ്രോസസിംഗ് രീതികളായ വിൻഡ്രോ, വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയാണ് വ്യാപകമായി ഉപയോഗപ്പെടുത്തിവരുന്നത്. കേരളത്തിലെ മാലിന്യത്തിന്റെ സ്വഭാവം, കാലാവസ്ഥയുടെ പ്രത്യേകതകൾ, ഇന്ധനക്ഷമത കുറഞ്ഞ മാലിന്യത്തിന്റെ അളവ് കൂടുന്നത് തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഇൻസിനറേഷൻ എന്ന സാങ്കേതികവിദ്യ കേരളത്തിന് അനുയോജ്യമല്ല എന്നാണ് കണ്ടിട്ടുള്ളത്. ആകയാൽ ഇൻസിനറേഷൻ എന്ന സാങ്കേതികവിദ്യ മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റിനായി പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ പ്രതിദിനം 300 ടണ്ണിൽ കൂടുതൽ മാലിന്യം ഉണ്ടാകുന്നിടങ്ങളിൽ ശരിയായ മലിനീകരണ സംവിധാനങ്ങളോടുകൂടിയ നവീന തെർമ്മൽ ടെക്നോളജികൾ സ്ഥാപിക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു. ആശുപത്രി മാലിന്യത്തിന്റെ സംസ്കരണത്തിനും അപകടകാരികളായ പാഴ്വസ്തുക്കളുടെ സംസ്കരണത്തിനും പൊതുസംവിധാനമായും സ്ഥാപന സംവിധാനമായും ഇൻസിനറേഷൻ ഉപയോഗിക്കുന്നുണ്ട്. പല കാലഘട്ടങ്ങളിലായി മുനിസിപ്പൽ സോളിഡ് വേസ്റ്റിനായി കേരളത്തിൽ സ്ഥാപിച്ച ഇൻസിനറേറ്ററുകൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ലാതെ

കിടക്കുന്നതാണ് കാരണം. ഈ സാഹചര്യത്തിലും ഇതിൽ നിന്നും ഉണ്ടാകുന്ന വായുമലിനീകരണ പ്രശ്നങ്ങൾ, പ്രവർത്തിപരിപാലനത്തിന്റെ ബുദ്ധിമുട്ടുകൾ ഇവ കണക്കിലെടുത്തുമാണ് മുനിസിപ്പാലിറ്റിതലത്തിൽ ഇൻസിനറേറ്റർ പ്രോത്സാഹിപ്പിക്കാത്തത്. ശുചിത്വ മിഷന്റെ ഫണ്ടുപയോഗിച്ച് വാങ്ങിയിട്ടുള്ള മൊബൈൽ ഇൻസിനറേറ്ററിന്റെ സേവനം, അതിന്റെ 100% ചെലവും വഹിക്കുവാൻ തയ്യാറുള്ള ഏതു നഗരസഭയ്ക്കും പ്രയോജനപ്പെടുത്താവുന്നതാണെന്ന് 28-10-2014-ലെ സ.ഉ.(സാധാ.)2805/2014/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

(പ്രസ്തുത മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 15

കൊച്ചി, ആലപ്പുഴ തുടങ്ങിയ വ്യവസായ പ്രാധാന്യമുള്ള നഗരങ്ങളിൽ നടത്തിയ പഠനങ്ങളിൽ നിന്നും വ്യവസായശാലകളിൽ നിന്നും പുറംതള്ളുന്ന ശുദ്ധീകരിക്കാത്ത മലിനജലവും മറ്റു പാഴ്വസ്തുക്കളും പ്രസ്തുത നഗരങ്ങളിൽ വളരെയധികം പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പല വികസിത രാഷ്ട്രങ്ങളിലും വൻ നഗരങ്ങളിലും മറ്റും വ്യവസായശാലകളിൽ നിന്നും പുറംതള്ളുന്ന മലിന വസ്തുക്കൾ ശാസ്ത്രീയമായി ഭസ്മീകരിക്കാനോ പുനർ നവീകരിക്കാനോ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നതായും സമിതി മനസ്സിലാക്കുന്നു. പുനർ നവീകരണം ചെലവേറിയതാണെങ്കിലും മറ്റുവിധത്തിൽ പ്രയോജനകരവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ആകയാൽ ഓരോ വ്യവസായത്തിനും ഉതകുന്ന പുനർനവീകരണ പരിപാടികൾ ചെലവുകുറഞ്ഞ രീതിയിൽ ആവിഷ്കരിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ ഗവേഷണങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടത് വ്യവസായ വകുപ്പും, ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പുമാണ്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും വ്യവസായം, ശാസ്ത്രസാങ്കേതികം എന്നീ വകുപ്പുകളിൽ നിന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു.)

<u>സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി</u>

**പരിസ്ഥിതി വകുപ്പ്**

(സർക്കാർ കത്ത് നമ്പർ17010/എ 3/06/പരി. തീയതി 20-5-2009)

ഗവേഷണ പരിപാടികൾ വിപുലമായ തോതിൽ നടത്താൻ തക്ക മാനവശേഷി ഇപ്പോൾ മലിനീകരണനിയന്ത്രണ ബോർഡിൽ ഇല്ല. എങ്കിലും ഇക്കാര്യത്തിൽ ബോർഡ് കഴിയുന്നത്ര ശുഷ്കാന്തി കാണിക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1. എറണാകുളത്തെ കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽ ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന പാഴ്ജലത്തിലെ ഫെറസ് ക്ലോറൈഡും ടൈറ്റാനിയം ഡയോക്സൈഡും ഇതര വ്യവസായങ്ങളിലെ പാഴ്ജലത്തിലെ ജൈവാംശവും നിറവും നീക്കുന്നതിന് ഫലപ്രദമാണെന്നു പ്രാഥമിക പഠനങ്ങളിൽ കാണുകയാൽ ബോർഡുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ദീർഘമായ പരീക്ഷണ പ്രവർത്തനം ഹിന്ദുസ്ഥാൻ പേപ്പർ ലിമിറ്റഡിൽ നടത്തുകയും അതു വിജയിക്കുകയും ചെയ്തു.

2. ഡിസ്റ്റിലറിയിൽ നിന്നുള്ള പാഴ്ജലത്തിൽ ദേശീയ നയമനുസരിച്ച് അനുവദനീയമായ ബി.ഒ.ഡി. പരിധി 2500 മില്ലിഗ്രാം/ലിറ്റർ ആയിരിക്കെ 1-ൽ പറഞ്ഞ മിശ്രിതം ഉപയോഗിച്ച് ചേർത്തലയിലെ മക്ഡവൽ ഡിസ്റ്റിലറിയിൽ അത് 100 മില്ലിഗ്രാം/ലിറ്ററിന് താഴെ എത്തിക്കാൻ ബോർഡിന്റെ സാങ്കേതിക ഉപദേശത്തോടെ നടന്ന പ്രവർത്തനത്താൽ കഴിഞ്ഞു.

3. ശബരിമലയിലെ മാലിന്യം സംസ്കരിക്കുന്നതിന് മേൽപ്പറഞ്ഞ മിശ്രിതം ഫലപ്രദമായി ഉപയോഗിക്കുന്നു. അവിടെ ഞുണങ്ങാറിൽകൂടി മാലിന്യമൊഴുകുന്നതു തടയാനായി പ്രസ്തുത മിശ്രിതം ഉപയോഗിച്ച് മലിനീകരണനിയന്ത്രണ ബോർഡിന്റെയും ദേവസ്വം ബോർഡിന്റെയും വനം വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കഴിഞ്ഞ വർഷം നടന്ന പ്രവർത്തനം വിജയിച്ചു.

4. എറണാകുളത്തെ ഫിലിപ്സ് കാർബൺ ബ്ലാക്കിൽ നിന്നുള്ള ജല, വായു, ശബ്ദമലിനീകരണം തടയാനായി ബോർഡ് നിയോഗിച്ച (മലിനീകരണനിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരടങ്ങുന്ന) വിദഗ്ദ്ധ സമിതിയുടെ ശിപാർശപ്രകാരം ചെയ്ത നവീകരണ പ്രവർത്തനങ്ങൾ തൃപ്തികരമായി കാണപ്പെട്ടു.

5. പാലക്കാട്ടെ പാരഗൺ സ്റ്റീൽസിൽ നിന്നുള്ള മലിനീകരണം തടയാനായി മലിനീകരണനിയന്ത്രണ ബോർഡ് നിയോഗിച്ച (ബോർഡുദ്യോഗസ്ഥരടങ്ങുന്ന) വിദഗ്ദ്ധ സമിതിയുടെ ശിപാർശ പ്രകാരം ചെയ്ത നവീകരണ പ്രവർത്തനങ്ങൾ തൃപ്തികരമായി കാണപ്പെട്ടു. തുടർന്ന് അവിടത്തെ 47 ഇതര മില്ലുകളെക്കൊണ്ട് അത്തരം നവീകരണം ചെയ്യിച്ചു.

6. എറണാകുളത്തെ മെർക്കം കമ്പനിയിൽ ഖരമാലിന്യവും പാഴ്ജലവും പാഴ്വായുവും പുറന്തള്ളാത്ത രീതിയിൽ പ്രവർത്തിക്കാനുള്ള സംവിധാനങ്ങളൊരുക്കിക്കുന്നതിൽ മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥർ വിജയിച്ചു.

എന്നാൽ സാങ്കേതിക ഉപദേശം നൽകുന്നതിനുപരി നേരിട്ട് സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിന് മാനവശേഷിയുടെ പരിമിതി നിമിത്തം ബോർഡിന് സാധിക്കുന്നില്ല.

മാലിന്യനിർമ്മാർജ്ജനത്തിനുതകുന്ന ഗവേഷണങ്ങൾ നടത്താൻ വ്യവസായങ്ങൾക്ക് ഗവേഷണ സ്ഥാപനങ്ങളെ സമീപിക്കാവുന്നതാണ്. ഉദാഹരണത്തിന് തൊണ്ട് വെള്ളത്തിലിട്ട് ചീയിക്കുന്ന പ്രക്രിയയിലൂടെ ഉണ്ടാകുന്ന മലിനീകരണം ഒഴിവാക്കാനായി ആവണക്കെണ്ണ ഉപയോഗിച്ച് തൊണ്ടിൽ നിന്ന് ചകിരി നാരുകൾ ഉൽപ്പാദിപ്പിക്കാവുന്ന ഒരു സാങ്കേതികവിദ്യ കയർ ബോർഡ് ഈയിടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ബോർഡ് ഈ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മലിനീകരണമുണ്ടാക്കാതെ ചെറിയതോതിൽ ചികിരിയോ തൊണ്ടോ ചീയിക്കാനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിന് തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറി മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന പദ്ധതി സമർപ്പിച്ചതിന് കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് ധനസഹായം നല്കാൻ സമ്മതിച്ച് പ്രസ്തുത ഗവേഷണം നടന്നുവരുന്നു.

കേരളത്തിൽ വർദ്ധിച്ചുവരുന്ന ബഹുനില കെട്ടിടങ്ങളിൽ നിന്നുള്ള മലിനീകരണം തടയാൻ ഇവയിൽ നിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാര പരിധി ദേശീയ തലത്തിലുള്ളതിനെക്കാൾ കർക്കശമായാണ് മലിനീകരണനിയന്ത്രണ ബോർഡ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനായി ഉചിതമായ സാങ്കേതികവിദ്യകൾ ബോർഡ് കണ്ടെത്തിയിട്ടുണ്ട്. ഈ സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കൂടുതൽ വിശദമായ പഠനം ആവശ്യമാണ്. ഇത്തരം പഠനം നടത്താൻ ഒരു വർഷം ദൈർഘ്യമുള്ള ഒരു പദ്ധതി ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ ഡിസ്റ്റിലറി പോലുള്ള കൂടിയ ഓർഗാനിക് മാലിന്യങ്ങൾ അടങ്ങിയ പാഴ്ജലത്തിന്റെ രാസപ്രയോഗത്തിന്റെ ഏറ്റവും ഉചിതമായ അളവ് തിട്ടപ്പെടുത്തുവാൻ പദ്ധതി, ബോർഡ് നടത്തിവരുന്ന ജല, വായു ഗുണനിലവാര പഠനം വിപുലീകരിക്കാൻ പദ്ധതി എന്നിവ ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. മാനവശേഷി, സാമ്പത്തിക പരിമിതികളുള്ളിൽ ഇവ കഴിയുന്നത്ര നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നതായി മലിനീകരണനിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപടി 14-10-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 16

കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണെങ്കിലും പരിസരമലിനീകരണം സൃഷ്ടിക്കുന്നതിൽ മുൻപന്തിയിലാണ്. പരിസര മലിനീകരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധവാൻമാരാകാത്തതാണ് ഇതിന് പ്രധാന കാരണം. വീട്ടുകളിൽ നിന്നും കളയുന്ന ഭക്ഷ്യവസ്തുക്കളുടേയും പച്ചക്കറികളുടേയും അവശിഷ്ടങ്ങളിൽ നിന്നും മറ്റും മണ്ണിരകളെ ഉപയോഗിച്ച് ജൈവവളം ഉണ്ടാക്കാമെന്നിരിക്കെ പ്രസ്തുത അറിവിന്റെ അഭാവംമൂലം വീട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ മാലിന്യ കൂമ്പാരങ്ങളിലേക്ക് വലിച്ചെറിയുകയാണ് ചെയ്യുന്നത്. ആകയാൽ പരിസരമലിനീകരണം ഉണ്ടാക്കാതെ മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റുന്ന ഇത്തരം എളുപ്പവിദ്യകളെക്കുറിച്ചും പരിസര മലിനീകരണംമൂലമുള്ള വിപത്തുകളെക്കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

പ്ലാന്റുകൾ സ്ഥാപിച്ച് മാലിന്യത്തിൽ നിന്നും ജൈവവളം ഉണ്ടാക്കുന്ന നടപടിക്ക് പുറമെ വെർമി കംപോസ്റ്റിംഗ് വ്യാപകമാക്കുന്നതിനായി കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടുകൂടി വിദഗ്ധരെ പങ്കെടുപ്പിച്ച് തൃശ്ശൂർ കിലയിൽ വച്ച് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കിവരുന്നു. ഇതിനകം മഞ്ചേരി, ചാലക്കുടി നഗരസഭകൾ വെർമി കംപോസ്റ്റിംഗ് രീതി ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജനം നടത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൊച്ചി നഗരസഭയ്ക്കുള്ളിലെ 123 വിദ്യാലയങ്ങൾവഴി പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്ന പരിപാടി നടപ്പാക്കിവരുന്നു. പരിസ്ഥിതി സമിതിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ തലത്തിലും കേരള വാട്ടർ അതോറിറ്റി, വ്യവസായ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ ഇതര സർക്കാർ വകുപ്പുകളും ബന്ധപ്പെട്ട നഗരസഭകളും ചേർന്നാണ് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളത്.

( മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിച്ചു.)

ശിപാർശ 17

ആരോഗ്യകരമായ ജീവിതത്തിന് പരിസര ശുചിത്വം അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. ആകയാൽ പരിസര ശുചിത്വത്തെപ്പറ്റി കുട്ടികളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിലേക്ക് പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള ക്ലാസ്സുകളിലെ പാഠ്യപദ്ധതിയിൽ പരിസ്ഥിതി പ്രശ്നങ്ങളേയും പരിസരശുചിത്വത്തേയും അതിന്റെ

പ്രാധാന്യത്തേയും വ്യകതമാക്കുന്ന രീതിയിലുള്ള പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 39479/ഡി2/99/പൊ.വി.വ. തീയതി 28-12-1999)

പരിസര ശുചിത്വത്തെപ്പറ്റി കുട്ടികളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിലേക്ക് പ്രൈമറി തലത്തിൽ പാഠ്യപദ്ധതിയിൽ പരിസ്ഥിതി പ്രശ്നങ്ങളെയും പരിസര ശുചിത്വത്തിന്റെയും അതിന്റെ പ്രാധാന്യത്തേയും വ്യക്തമാക്കുന്ന രീതിയിലുള്ള പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ തലത്തിലും നിലവിലുള്ള പാഠ്യപദ്ധതിയിലും പരിസര ശുചീകരണത്തിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ ഈ ശിപാർശയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുമെന്നും അറിയിച്ചുകൊള്ളുന്നു.

(മറുപടി സമിതിയുടെ 11-12-2002-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 18

വർദ്ധിച്ചുവരുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് സത്വര പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, പരിസ്ഥിതി മലിനീകരണം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സഹായകരമായവിധത്തിൽ പ്രവർത്തനം നടത്തുന്നതിനുമായി, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു പരിസ്ഥിതി വകുപ്പുതന്നെ സംസ്ഥാനത്ത് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2668/ജി3/98/എൽ.എസ്.ജി.ഡി. തീയതി 22-1-2001)

ഇക്കാര്യത്തിൽ ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പാണ് നടപടികൾ എടുക്കേണ്ടത്.

**ശാസ്ത്രസാങ്കേതിക (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 338/ബി1/05/സ്റ്റെഡ് തീയതി 1-2-2006)

പൊതുഭരണ (എസ്.എസ്.) വകുപ്പിന്റെ 6-1-2006-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 10/2006/പൊ.ഭ.വ. പ്രകാരം പരിസ്ഥിതി കാര്യങ്ങൾക്കായി ഒരു പ്രത്യേക വകുപ്പ് സർക്കാർ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(മറുപടി 14-10-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 19</u>

രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2000-ാമാണ്ടോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടണങ്ങളിലും മുനിസിപ്പാലിറ്റി കളിലും സ്വീവേജ് ശാസ്ത്രീയമായ രീതിയിൽ പൂർണ്ണമായും സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ31550/സി1/01/ജ.വി.വ. തീയതി 6-5-2003)

കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ വരുന്ന മലിനജലനിർമ്മാർജ്ജന പദ്ധതികൾ എല്ലാ ജില്ലകളിലേക്കും പട്ടണങ്ങളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും വ്യാപിപ്പിക്കുന്നത് ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വച്ചുനോക്കുമ്പോൾ പ്രായോഗികമല്ല.

(മറുപടി 16-12-2003-ലെ സമിതിയോഗം അംഗീകരിച്ചു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.